# ...ദീപം

00081475

## ഭാരതദീപം

### വേദാന്തഗ്രന്ഥാവലി

നമ്പർ 1

# വേദാന്തചരിത്രം

By

*An Indian Sannyasi*

DHARMARAM COLLEGE
LIBRARY
BANGALORE-29

Printed at the L. F. Press, Thevara,
1952

*(Copyright reserved)*

CHANGANACHERRY COLLEGE LIBRARY
AC. NO. 81475
CL NO. 536/V51

NIHIL OBSTAT:

FR. MARCELINE T. O. C. D.
FR. CALLISTUS T. O. C. D.
*(Censores)*

IMPRIMI POTEST

FR. VINCENT OF THE BL. SACRAMENT
T. O. C.D.,
*Prior General.*

Ernakulam,
3—11—'50.

**Imprimatur**

MGR. MATHEW POTHANAMUZHI.
*Vic. General.*

Archbishop's House,
Ernakulam,
17-8-'51.

# സമപ്പ്ണം

ശ്രീയേശുക്രിസ്തുവിൻെറ പ്രേമഭാജനങ്ങളിൽ ഒരുവനും ഹൈന്ദവവേദാന്തികൾക്ക് പ്രഥമമായി സത്യദീപം പ്രകാശിപ്പിച്ചവനുമായ വി. തോമാ അപ്പസ്തോലൻ ഭാരതവഷത്തിൽ–ഇന്ത്യയിൽ–പ്രവേശിച്ചതിൻെറ നവദശ ശതാബ്ദപൂത്തിയുടെയും, അതിൻെറ ദ്വിതീയ അപ്പസ്തോലനായ വി. ഫ്രാൻസിസ് സേവ്യർ ചരമമടഞ്ഞതിൻെറ ചതുത്ഥശതാബ്ദപൂത്തിയുടെയും ജൂബിലിസ്മാരകമായി പ്രസ്തുത അപ്പസ്തോലന്മാരുടെ പാദാരവിന്ദങ്ങളിൽ 'ഇന്ത്യൻ സന്ന്യാസി' ഈ "ഭാരതദീപ" ഗ്രന്ഥാവലി ഭക്ത്യാദരപുരസ്സരം സമപ്പിച്ചുകൊള്ളുന്നു.

# അവതാരിക

വിവിധമതങ്ങളുടെ പ്രമാണഗ്രന്ഥങ്ങൾ താരതമ്യംചെയ്തു പഠിക്കുന്നതു് പഠിതാവിൻെറ ഉദ്ദേശ്യമനുസരിച്ചു പല പ്രകാരത്തിൽ പ്രയോജനകരമായിരിക്കും: കേവലം ചരിത്രജ്ഞാനോത്സുകനായ ഒരുവന്നു് ഭാഷകളുടേയും സാഹിത്യങ്ങളുടേയും സംസ്കാരങ്ങളുടെയും പരസ്പരബന്ധം ഗ്രഹിപ്പാൻ അതുപകരിക്കും; നിത്യസത്യങ്ങൾ ആരായുന്നവന്നു്, ജഡത്തിനുള്ളിൽ ആത്മാവും പ്രപഞ്ചത്തിനു പിന്നിൽ ദൈവവും ജനനമരണങ്ങൾക്കിടയിലുള്ള ഐഹികജീവിതത്തിന്നപ്പുറം പാരത്രികജീവിതവും ഉണ്ടെന്നുള്ള വിശ്വാസത്തിൻെറ ആഴവും വ്യാപ്തിയും ഏതൽപഠനംമൂലം വ്യക്തമാകും—നിലവിട്ടുള്ള പഠനം നാസ്തികത്വത്തിലേക്കു നയിച്ചെന്നുംവരാം. വിശ്വാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും സാദൃശ്യവ്യത്യാസങ്ങൾ വിവേചിച്ചുകണ്ടു് ഒരു മതത്തെ അപേക്ഷിച്ചു മററൊന്നിന്നുള്ള മേന്മ ബോദ്ധ്യപ്പെടുന്നതിനും മതങ്ങളുടെ താരതമ്യപഠനം ഉപകരിക്കും. എന്നാൽ സഹിഷ്ണുതയും സാഹോദര്യവുമായിരിക്കണം താദൃശപഠനത്തിൻെറ ഫലം.

"ഭാരതദീപ വേദാന്ത ഗ്രന്ഥാവലി"യിൽ അപ്രകാശിതനാമാവായ ഗ്രന്ഥകാരൻെറലക്ഷ്യമെന്തെന്നു ഈ പ്രഥമപ്രബന്ധത്തിൽ തുറന്നു പറയുന്നുണ്ടു്. ക്രൈസ്തവ–ഹൈന്ദവമതങ്ങളിലേ പ്രമാണഗ്രന്ഥങ്ങളുടെ സവ്വംകഷമായ താരതമ്യപഠനമല്ല ഈ ഗ്രന്ഥാവലിയിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഭാരതത്തിൽ 'ക്രൈസ്തവസ്രുതം' പ്രചരിപ്പിക്കുന്നതിനു ശ്രമിക്കുന്ന 'മിഷ്യനറി'മാക്കു്, ഹിന്ദുജനതയുടെ വിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും അടിസ്ഥാനമായുള്ള വേദാന്തഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെക്കുറിച്ചു് ഒരു സാമാന്യജ്ഞാനം നല്കുക എന്ന പരിമിതമായ ലക്ഷ്യം വച്ചുകൊണ്ടു് ഗ്രന്ഥകാരൻ ഇതു രചിച്ചു. ഇങ്ങനെ ഒരു സാമാന്യജ്ഞാനമെങ്കിലും ഉണ്ടാകേണ്ടതിൻെറ ആവശ്യകത ഇപ്പോൾ പരക്കെ ബോദ്ധ്യപ്പെട്ടിട്ടുണ്ടായിരിക്കണം. ഇതു ശുഭോദർക്കംതന്നെ. ഹൈന്ദവജീവിതത്തിൻെറ ഉപരിതലംമാത്രംകണ്ടുകൊണ്ടു് അധഃകൃതരുടെയിടയിൽ മതപ്രചാരണം നിവ്വഹിച്ചുകൊണ്ടിരുന്ന പാശ്ചാത്യ

മിഷ്യനറിമാക്ക് ഹിന്ദു കേവലം ഭൗതികസുഖതൽപരനും അദ്ധ്യാത്മജ്ഞാനസോപാനത്തിന്റെ അടിപ്പടികളിൽപ്പോലും എത്തീട്ടില്ലാത്ത പ്രാകൃതനും ആയിരുന്നു. അങ്ങനെ, ഹിന്ദുക്കൾ "കാവ്യ"രും "അജ്ഞാനി"കളും ആയിത്തീന്നു! ഈ പാശ്ചാത്യ മിഷ്യനറിമാർ സ്ഥാപിച്ചു നടത്തിപ്പോന്ന സെമ്മിനാരികളിൽ അഭ്യസിച്ച നമ്മുടെ ഏതദ്ദേശീയ മിഷ്യനറിമാരും 'വേദപ്രചാര'ത്തിനുള്ള സഞ്ചാരസാമഗ്രികൾ അവിടങ്ങളിൽനിന്നു ഭാണ്ഡംകെട്ടിക്കൊണ്ടു പോരുകയായിരുന്നു പതിവ്. എന്നാൽ കഴിഞ്ഞ ഒരു നൂററാണ്ടിനകത്തു മോണിയർ വില്യംസ്, മാക്സ്മുള്ളർ, ലാസൻ, റോത്, വേബർ, വിററ്നി മുതലായ പാശ്ചാത്യ പണ്ഡിതന്മാരുടെ പൗരസ്ത്യഗ്രന്ഥചച്ചകളുടേയും പ്രസിദ്ധീകരണങ്ങളുടെയും, സ്വാമി വിവേകാനന്ദൻ തുടങ്ങിയ ഹൈന്ദവ പണ്ഡിതന്മാരുടെ പാശ്ചാത്യപയ്യടനത്തിന്റെയും ഫലമായി വെള്ളക്കാക്കു ഹിന്ദുക്കളെക്കുറിച്ചുണ്ടായിരുന്ന അജ്ഞതയും അവജ്ഞയും പാടേ മാറി. കുറെ വൈകിയിട്ടെങ്കിലും മിഷ്യനറിമാരുടെ രീതികളും മാറാതെ തരമില്ലായിരുന്നു. ഹിന്ദുജനതയുടെ മതപരമായ നില ഗ്രഹിച്ചുകൊണ്ടല്ലാതെ അവരുടെയിടയിൽ ക്രിസ്തുമതസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങിയാൽ വിലപ്പോകുകയില്ലെന്നു ഇതിനകം തെളിയുകയും ചെയ്തു. കത്തോലിക്കസഭ എവിടെയും എതു കാലത്തും സ്വീകരിച്ചിട്ടുള്ള നയം വിശ്വാസസത്യങ്ങളുടെ ഭദ്രത പാലിച്ചുകൊണ്ടു ദേശകാലാവസ്ഥകൾക്കനുരൂപമായ മാററങ്ങളെ സ്വാഗതം ചെയ്യുകയായിരുന്നു. സഭയുടെഭരണഘടനയിലും ആചായ്യവേഷഭൂഷാദികളിലും ആചാരങ്ങളിലുംഇതിന്റെലക്ഷ്യങ്ങൾകാണാം. വൈദികഭാഷയിലും കമ്മാനുഷ്ഠാനങ്ങളിലുമുള്ള വൈജാത്യം ഈ അഭിലഷണീയമായ നയവിശേഷത്തിന്റെഫലമാണ്. ആധുനികകാലത്തെ മാപ്പാപ്പാമാരെല്ലാവരും വിശേഷിച്ച്, ഇപ്പോൾ, സൗഭാഗ്യവാനായി വാഴുന്ന പന്ത്രണ്ടാം പീയൂസ് മാപ്പാപ്പായും ഈ നയം സനിഷ്കഷം അനുവത്തിച്ചു കാണുന്നു. വസ്തുതകൾ ഇങ്ങനെയായിരിക്കെ, മിഷ്യനറിമാരാകേണ്ട നമ്മുടെ വൈദികവിദ്യാത്ഥികൾക്കുമാത്രമല്ല അൽമായ മിഷ്യനറിമാരായ ക്രൈസ്തവ ജനതയ്ക്കുല്ലാംതന്നെ ഹൈന്ദവമതഗ്രന്ഥങ്ങളെക്കുറിച്ച് ഒരുസാമാന്യജ്ഞാനമെങ്കിലും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമെന്നു വിശേഷിച്ചു പറയേണ്ടതില്ല. പ്രസ്തുത ലക്ഷ്യംവച്ചുകൊണ്ടുള്ള 'ഇന്ത്യൻ

സന്ന്യാസി'യുടെ ചിരകാല പ്രയത്നത്തിന്റെ ഫലമാണു പ്രകൃത ഗ്രന്ഥാവലി.

ഗ്രന്ഥങ്ങൾക്ക് 'അവതാരിക' എഴുതാറുള്ളതും, എഴുതേണ്ടതും പ്രതിപാദ്യത്തെപ്പററി അസാമാന്യ പരിജ്ഞാനമുള്ളവരും ജനസമുദായത്തിൽ സമുന്നതമായ സ്ഥാനം അലങ്കരിക്കുന്നവരുമാണ്. ഭാരതദീപ ഗ്രന്ഥാവലീ കർത്താവായ 'ഇന്ത്യൻ സന്ന്യാസി' ഇയ്യിട എനിക്ക് ആകസ്മികദർശനമല്കി, 'വേദാന്തം' കൊണ്ടനുഗ്രഹിച്ച് ഒരു അവതാരിക എഴുതണമെന്നു കല്പിച്ച് അപ്രത്യക്ഷനായപ്പോൾ തെല്ലൊരു വിസ്മയവും എന്തെങ്കിലും എഴുതുന്നതിൽ തെല്ലല്ലാത്തൊരു ശങ്കയും എനിക്കു ഉണ്ടാകാതിരുന്നില്ല. എങ്കിലും 'ആജ്ഞാഗുരൂണാംഹ്യവിചാരണീയാ' എന്നോർത്തും, അവതാരകൻ ഗ്രന്ഥത്തെയും ഗ്രന്ഥകാരനേയും ലോകർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിനു പകരം പ്രകൃതത്തിൽ ഗ്രന്ഥം അവതാരകന്റെ അസ്തിത്വത്തെ ലോകത്തിനുവെളിപ്പെടുത്തുകയാണെങ്കിലും, 'ഇന്ത്യൻ സന്ന്യാസി' അപ്രകാശിതനാമാവായിരിക്കുന്നിടത്തോളം ഈദൃശമൊരു സത്യവാങ്മൂലം ഉചിതമാണെന്നു കരുതിയും ഇതെഴുതീട്ടുള്ളതാണ്.

സേക്രഡ് ഹാർട്ട് കോളജ്<br>
തേവര.<br>
1952 ജൂലൈ 1

**സി. സി. ചാക്കോ.**

# വേദാന്തം

## വിവിധ "ശ്രദ്ധ"കളുടെ
## താരതമ്യപഠനത്തിൻെറ ആവശ്യകത

[എ] **ഉപോദ്ഘാതം**

"മത"ശബ്ദം ഏതു അൎത്ഥത്തിൽ നാം സാധാരണമായി ഉപയോഗിക്കുന്നുവോ ആ അൎത്ഥത്തിൽത്തന്നെയാണു "ശ്രദ്ധാ"ശബ്ദം ഇവിടെ ഉപയോഗിക്കുന്നതു്. മതം (Religion) എന്ന ശബ്ദത്തിനുപകരം "ശ്രദ്ധാ"ശബ്ദമാണു ഹൈന്ദവവേദാന്തത്തിൽ സാധാരണമായി ഉപയോഗിച്ചുകാണുന്നതു്. മാത്രമല്ല, സംസ്കൃതഭാഷയിൽ "മത" (Religion) ശബ്ദത്തേക്കാൾ കൂടുതൽ അൎത്ഥവത്തായി സ്വീകരിച്ചിരിക്കുന്നതു് "ശ്രദ്ധാ"ശബ്ദമാണു്.

ഉദാ: ശ്രീ ഭഗവദ്ഗീതയിൽ ഇങ്ങനെ കാണുന്നു.

"യോ യോ യാം യാം തനും ഭക്തഃശ്രദ്ധയാऽൎച്ചിതുമിച്ഛതി,
തസ്യതസ്യാചലാം ശ്രദ്ധാംതാമേവവിദധാമ്യഹം" (7. 21)

കൂടാതെ, പ്രസ്തുത ശബ്ദദ്വയത്തിൻെറ അൎത്ഥവ്യത്യാസം ഗീതയിൽ പലയിടത്തും നമുക്കു കാണാം: (ഉദാ: 3.31;6.37;17.1-3;18.6) ഇനി നമുക്കു പ്രകൃതത്തിലേക്കു പ്രവേശിക്കാം.

സ്വ"ശ്രദ്ധ"പ്രചരണത്തിനുംസംരക്ഷണത്തിനും രംഗപ്രവേശനം ചെയ്തിരിക്കുന്നവരും ചെയ്യുവാൻ ഉദ്ദേശിക്കുന്നവരുമായ മിഷനറിമാർക്കു തങ്ങളുടെ ഉദ്ദേശ്യം സംസിദ്ധമാകുന്നതിനും പ്രേഷിതവേല സമൃദ്ധമാകുന്നതിനുംവേണ്ടി ഇതരശ്രദ്ധകളെക്കുറിച്ചുള്ള ജ്ഞാനം സമ്പാദിക്കേണ്ടതു് ആവശ്യമാണു്. എന്തെന്നാൽ, ഒരു മിഷനറി സ്വശ്രദ്ധയുടെയും അതിൻെറ തത്വങ്ങളുടെയും ദൈവനിവേശനത്തെയും (Inspiration) ആവിഷ്കരണത്തെയും (Revelation) മതിയാം വ

ണ്ണം തെളിയിച്ച് അന്യമതസ്ഥരുടെ സംശയങ്ങൾ നിവാരണംചെയ്യാൻ സാധിച്ചുവെന്നു വന്നാലും അവരുടെ മതത്തെയും മതതത്വങ്ങളെയും വേണ്ടുംവിധം പഠിച്ചറിഞ്ഞിട്ടില്ലെങ്കിൽ അവയെ ശരിയായി ഖണ്ഡിച്ചു അവക്കു പൂൎണ്ണബോധ്യം വരുത്തി അവരെ സ്വമതത്തിലേക്കു ആനയിക്കുന്നതിനു ആയാൾക്കു സാധിച്ചില്ലെന്നുവരാം. അങ്ങനെ, ആയാളുടെ പ്രേഷിതവേല സഫലവും സമൃദ്ധവുമാകാതെ വന്നേക്കാം. അതിനാൽ ഒരു മിഷനറി, വിശിഷ്യ, ഭാരതത്തിലെ ഒരു മിഷനറി, അതിലെ പ്രധാനമായ ശ്രദ്ധ-മതകളുടെയെങ്കിലും താരതമ്യപഠനം നടത്തുകയും ശരിയായ ജ്ഞാനം സമ്പാദിക്കുകയും ചെയ്യണമെന്നു സിദ്ധിക്കുന്നു.

ഭാരതമാതാവു ഇപ്പോൾ പാരതന്ത്ര്യത്തിന്റെ മലീമസവസ്ത്രം ഉരിഞ്ഞുകളഞ്ഞു സ്വാതന്ത്ര്യത്തിന്റെ കമനീയ വേഷഭൂഷണാദികൾ അണിഞ്ഞു സൗന്ദൎയ്യവതിയായി നിലകൊള്ളുന്നു എന്നു ഉദ്ഘോഷിച്ചുകൊണ്ടു ഭാരതസന്താനങ്ങൾ ആനന്ദിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, ഭാരതമാതാവു യഥാൎത്ഥ സ്വാതന്ത്ര്യം കൈവരിച്ചോ എന്നു സന്താനങ്ങൾ ചിന്തിക്കേണ്ടതാണ്. രാഷ്ട്രീയവും സാമുദായികവുമായ സ്വാതന്ത്ര്യമാണോ യഥാൎത്ഥവും ശാശ്വതവുമായ സ്വാതന്ത്ര്യം എന്നു അവർ ചിന്തിക്കട്ടെ. വിദേശഭരണത്തിന്റെ ശൃംഖലകൾ അവൾ പൊട്ടിച്ചു വലിച്ചെറിഞ്ഞ് ഇപ്പോൾ വിമുക്തയായി. എങ്കിലും അവൾ ഇപ്പൊഴും ബന്ധനസ്ഥയാണ്. എന്തെന്നാൽ അവൾ ഇനിയും മതപരമായി സ്വതന്ത്രയല്ല. പ്രസ്തുത സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ മാത്രം ഭാരതാംബികയുടെ സന്താനങ്ങൾക്കു, "വന്ദേമാതരം" ആഹ്ലാദത്തോടെ ആലപിക്കാൻ കഴിയും. അപ്പോൾ മാത്രം അവൾ ആനന്ദതുന്ദിലയാകും. അങ്ങനെ അവളെ ആനന്ദചിത്തയാക്കുന്നതിനു അവളെ ആവരണം ചെയ്തിരിക്കുന്ന അജ്ഞാനാന്ധകാരത്തിന്റെ ധൂമപടലങ്ങളെ നീക്കംചെയ്തു ജ്ഞാനത്തിന്റെയും സത്യത്തിന്റെയും പ്രകാശം പ്രദാനംചെയ്തു കൊടുക്കേണ്ടതു സന്താനങ്ങളായ നാമേവരുടെയും കൎത്തവ്യമാണെന്നുള്ളതിനു പക്ഷാന്തരമില്ലതന്നെ. അതിനുള്ള ഏകമാൎഗ്ഗം സത്യദീപം ഭാരതത്തിൽ എവിടെയും കൊളുത്തി അസത്യമെന്ന തമസ്സിനെ ദൂരീകരിക്കണം. ഈ ഉദ്യമം സഫലമാകണമെങ്കിൽ സത്യമതത്തിന്റെ ശ്രേഷ്ഠ്യവും വൈശിഷ്ട്യവും നാം അവൾക്കു ചൂണ്ടിക്കാണിക്കുന്നതു കൂടാതെ, ഇന്നു പ്രാബല്യത്തിലിരിക്കുന്ന ഇതര ശ്രദ്ധ-മത-കളുടെ യഥാൎത്ഥ നി

ലയും വിലയും എന്താണെന്നും അവ സനാതനസൗഭാഗ്യപ്രാപ്തിക്ക പൎയ്യാപ്തങ്ങളാണോ എന്നും മററും അവൎക്ക ന്യായസഹിതം തെളിവായി കാണിച്ചുകൊടുക്കണം.

"മൃഗനാഭി: പരിമളേ: പുഷ്പേഷ്വകമലംയഥാ;
"സത്യം ജയതി:നാനൃതം."
ശ്രേഷ്ഠം രത്നേഷുമാണിക്യം: സത്യം ശ്രേഷ്ഠംതുസൎവ്വഥാ."

പ്രസ്തുത ലക്ഷ്യം പ്രാപിക്കുന്നതിനു ഭാരതത്തിലെ പ്രബലങ്ങളായ അക്രൈസ്തവ ശ്രുഥകളുംകൂടി ക്രൈസ്തവർ ശരിയായി പഠിക്കണം. ഭാരതത്തിലെ ഒരു ക്രിസ്ത്യൻ മിഷനറി പ്രധാനവും പ്രഥമവുമായി പഠിക്കേണ്ടതു ഹൈന്ദവ വേദാന്തമാണ്. എന്തെന്നാൽ ഭാരതം പ്രധാനവും പ്രഥമവുമായി ഒരു ഹൈന്ദവരാജ്യമാണല്ലോ. പോരെങ്കിൽ, ക്രൈസ്തവരുടെ പൂൎവ്വികന്മാർ ഹൈന്ദവരുമാണല്ലോ. സ്വമാതാപിതാക്കളെയാണല്ലോ സന്താനങ്ങൾ കൂടുതലായി സ്നേഹിക്കയും ബഹുമാനിക്കയും സഹായിക്കയും ചെയ്യേണ്ടതു്. മാത്രമോ? ഇന്നു ഹൈന്ദവർ ക്രൈസ്തവവേദാന്തം വായിച്ചു പഠിച്ചുകൊണ്ടു സ്വമതത്തെ ക്രൈസ്തവീകരിക്കാനും അതിൻെറ നിലയും വിലയും ഉറപ്പിക്കാനും ഭഗീരഥപ്രയത്നം ചെയ്യുമ്പോൾ ക്രൈസ്തവർ ഹൈന്ദവവേദാന്തം ശരിയായി മനസ്സിലാക്കി അതു അതിൻെറ തനിനിറത്തിൽ ഭാരതാംബികയുടെ സമക്ഷം അവതരിപ്പിക്കേണ്ടതു് അവരുടെ ധൎമ്മമല്ലയോ? ഈ തത്വത്തെ ചുവടേ ചേൎത്തിരിക്കുന്ന വേദവാക്യങ്ങളും ചില മിഷനറിമാരുടെ അനുഭവങ്ങളും ഭാരതത്തിലെ സഭാമേലദ്ധ്യക്ഷന്മാരുടെ സമ്മേളന നിശ്ചയങ്ങളും സ്ഥിരീകരിക്കുന്നുമുണ്ടു്.

1. ക്രിസ്തു പറയുന്നു: "പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. അതിനാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിൻെറയും സുതൻെറയും പരിശുദ്ധാത്മാവിയുടെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ." (വി. യോഹ. 20. 21; വി. മത്താ. 28. 19) "ഈ തൊഴുത്തിൽപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ടു്. അവയെയും ഞാൻ കൊണ്ടുവരേണ്ടതാണു്". (വി. യോഹ. 10. 16)

2. പുറജാതികളുടെ ശ്ലീഹയായ വി. പൗലോസു പറയുന്നു: "ഇങ്ങനെ യൂദന്മാരെ നേടേണ്ടതിനു ഞാൻ യൂദന്മാരോടുകൂടി യൂദനെപ്പോലെയായി. നിയമത്തിൻകീഴുള്ളവരെ നേടേണ്ടതിനു്

ഞാൻ നിയമത്തിൽകീഴുള്ളവരോടുകൂടി നിയമത്തിൻകീഴുള്ളവനെപ്പോലെയായി. ഞാൻ ദൈവത്തിനു നിയമമില്ലാത്തവനാകാതെ മ്ശീഹായുടെ നിയമത്തിൽ ആയിരിക്കെ നിയമം ഇല്ലാത്തുള്ളവരെയും നേടേണ്ടതിനു നിയമം ഇല്ലാത്തവർക്കു ഞാൻ നിയമം ഇല്ലാത്തവനെപ്പോലെയായി........ എല്ലാവരെയും രക്ഷിക്കേണ്ടതിനു ഞാൻ എല്ലാമനുഷ്യർക്കും. എല്ലാമായി........" (1 കൊ. 9. 20–22)

3. ഭാരതത്തിലെ മിഷനറിമാരായ ഫാ. ഡി. നൊബിലി എസ്. ജെ. (De Nobili S. J.) യും, ഫാ. ബേസ്കി എസ്. ജെ. (Beschi S. J.) യും നമ്മുടെ രക്തസാക്ഷിയായ ദൈവസഹായം പിള്ളയും ഹൈന്ദവ വേദാന്തം പഠിച്ചതുകൊണ്ടും കൂടിയാണ് വാഗ്വാദങ്ങളിൽ ബ്രാഹ്മണരെ അതിശീഘ്രം പരാജയപ്പെടുത്തി ഓടിക്കാൻ അവർക്കു സാധിച്ചതു്.

4. 1921 ഡിസംബറിൽ മദ്രാസിൽവച്ചു കൂടിയ മരിയ മഹാജനസഭയിലും, 1933 ഡിസംബറിൽ പ്രസ്തുത നഗരത്തിൽ തന്നെ സമ്മേളിച്ച അഖിലേന്ത്യാ കത്തോലിക്കാ കോൺഗ്രസ്സിലും ഇന്ത്യയിലെ മതപ്രചരണവേല ഊർജ്ജിതമായി നടത്തുന്നതിനുവേണ്ടി ഹൈന്ദവ മതശാസ്ത്രാഭ്യസനത്തിൽ പൂർവ്വാധികം ശ്രദ്ധപതിക്കേണ്ടതാണെന്നു ഒരു നിശ്ചയം പാസ്സാക്കി. ഈ ഉദ്ദേശസിദ്ധിക്കായിട്ടാണല്ലോ, 'ഇന്ത്യൻ കത്തോലിക്കാ സത്യസമാജം' (I. C. T. S.) എന്നൊന്നു രൂപവൽകൃതമായിട്ടുള്ളതു്. 1944 സെപ്റ്റമ്പർ 25–28 തീയതികളിൽ മദ്രാസിൽ സമ്മേളിച്ച അഭിവന്ദ്യ മെത്രാപ്പൊലീത്താമാരും ഇക്കാര്യത്തെപ്പററി സഗൗരവം ചർച്ചനടത്തുകയും സെമ്മിനാരികളിലെ അഭ്യസനരീതി പരിഷ്കരിക്കേണ്ടതാണെന്നു തീരുമാനിക്കയും അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. (cf. Clergy Monthly, Jan. Feb. Mar. 1945)

അവസാനമായി, ഒരു മിഷനറി ആരെ പഠിപ്പിച്ചു ശിഷ്യപ്പെടുത്തി സ്വസഭയിലേക്കു ആനയിക്കാൻ ഉദ്യമിക്കുന്നുവോ അവൻെറ മതതത്വങ്ങളുംകൂടി ശരിയായി മനസ്സിലാക്കണമെന്നു പ്രസ്തുത ഉദ്ധരണികളിൽനിന്നു സ്പഷ്ടമാകുന്നു. ശിഷ്യപ്പെടുത്തുന്നവർ ഗുരുക്കന്മാരാണല്ലോ. ഗുരുക്കന്മാർ വിദ്യാസമ്പന്നരുമായിരിക്കണം. ഇത്തരം വിദ്യാസമ്പന്നന്മാർക്കു ശിഷ്യപ്പെടേണ്ടവരുടെ കുയുക്തികളും വാദങ്ങളും ശരിയായി ഖണ്ഡിച്ചു സത്യത്തെ

തെളിവായി കാണിച്ചു സ്ഥാപിക്കാൻ സാധിക്കും. അപ്പോൾ, വി. പൗലോസിനെപ്പോലെ, "ഞാൻ എല്ലാവൎക്കും എല്ലാമായി" എന്നു ആ മിഷനറിക്കു സധൈര്യം പറയാം. അങ്ങനെ, കാൻഡി സെമിനാരിയുടെ ഉദ്ഘാടനാവസരത്തിൽ (1893) പ. പിതാവു ലെയോ 13–ാമൻ ഭാരതത്തെ ഉദ്ദേശിച്ചു പറഞ്ഞ വാക്കുകൾ,— "ഇന്ത്യാ, നിൻെറ സന്താനങ്ങളാണു് നിനക്കു രക്ഷയെ പ്രദാനം ചെയ്യുന്നവർ," (Filii tui, India, administri tuae salutis) ആ മിഷനറിയിൽ അന്വത്ഥമാകുകയും ചെയ്യും. അതിനാൽ, ഭാരതത്തിൻെറ മതപരിവൎത്തനത്തിനായി തുനിഞ്ഞു പുറപ്പെട്ടിരിക്കുന്നവരും പുറപ്പെടുവാനിരിക്കുന്നവരുമായ എല്ലാവരും ഹൈന്ദവവേദാന്ത ജ്ഞാനം യഥാശക്തി കരസ്ഥമാക്കണമെന്നു അനുകൂലസിദ്ധം. എന്നാൽ, ഇത്രയും വിപുലവും ഗഹനവുമായ വിഷയത്തെക്കുറിച്ചുള്ള ജ്ഞാനം സമ്പാദിക്കുവാൻ എല്ലാവൎക്കും അത്ര എളുപ്പമല്ലാത്തതിനാൽ ഒരു ലഘുലേഖപരമ്പരയായി പ്രസ്തുത ജ്ഞാനം പ്രദാനംചെയ്യുന്നതിനു ഇന്ത്യൻ സന്ന്യാസി തുനിഞ്ഞു പുറപ്പെട്ടിരിക്കയാണു്. തൻെറ ഉദ്യമം എത്രകണ്ടു സഫലമാകുമെന്നു സന്ന്യാസിക്കു നിശ്ചയമില്ല. ഏതായാലും എല്ലാവരുടെയും, വിശിഷ്യ, പണ്ഡിതന്മാരുടെയും അഭിപ്രായങ്ങളും നിൎദ്ദേശങ്ങളും സന്ന്യാസിക്കു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

✤✤✤✤✤✤✤✤

## [ബി] സുവിശേഷപ്രചരണം ചെയ്യേണ്ട വിധവും മാർഗ്ഗങ്ങളും

മുൻ പക്ഷങ്ങളിൽ ആമുഖമായി പ്രസ്താവിച്ചതിൻെറ ഒരനുബന്ധമെന്നോണം ഭാരതത്തിൽ സുവിശേഷപ്രചരണം ചെയ്യേണ്ട വിധത്തെയും മാർഗ്ഗങ്ങളെയും പററി രണ്ടുവാക്കുകൂടി ചേർത്തുകൊള്ളട്ടെ.

### 1. ഭാഷാജ്ഞാനം

ഒരു മിഷനറി സ്വമാതൃഭാഷയിൽമാത്രം ജ്ഞാനം സമ്പാദിച്ചാൽ പോര, അന്യഭാഷകളിലും വിശിഷ്യ, സംസ്കൃതത്തിലും മതിയായ ജ്ഞാനം സമ്പാദിക്കേണ്ടതാണ്. മുൻ ഉദ്ധരിച്ച അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെ റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു. "........Very often the priest has to know more than one vernacular language. The seminarist will, besides, generally have to perfect the knowledge of his own mother tongue. (But) Language study also forms a permanent feature in the seminarist's studies."

(Clergy Mon. Jan. Feb. 1945)

### 2. ചരിത്രജ്ഞാനം

ഭാരതീയ സാഹിത്യത്തിൻെറ ചരിത്രജ്ഞാനവും മിഷനറിക്ക് ഉണ്ടായിരിക്കണമെന്നു പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. "It (History of indian literature) might comprise two courses:one on sankrit literature, the other on the main regional vernacular literature." (C. M. Mar. 1945)

### 3. താരതമ്യ ഭാഷാശാസ്ത്രജ്ഞാനം

ഒരു മിഷനറി താരതമ്യ ഭാഷാശാസ്ത്രത്തിലും (Comparative philology) വ്യുല്പത്തിനേടിയിരിക്കണം. എന്തെന്നാൽ, പൊതുഭാഷക്കും (Common language) പൊതുരീതിക്കും പുറമെ, ദേശീയഭാഷയും (dialect) ദേശീയ ശൈലിയും, ദേശകാലങ്ങളും,

അനുസരിച്ചും, പ്രസംഗകരുടെയും ശ്രോതാക്കളുടെയും, പ്രതിപാദിക്കപ്പെടുന്ന വിഷയത്തിൻെറയും സ്വഭാവമനുസരിച്ചും;ഇതര പരിതസ്ഥിതികളുമനുസരിച്ചും പദപ്രയോഗങ്ങളിൽ അത്ഥവ്യത്യാസമുണ്ടാകും. അപ്പോൾ തൻെറ വാക്കുകളിൽ ശ്രോതാക്കൾക്കു പിടികൊടുക്കാതെയിരിക്കുന്നതിനും, അവരുടെ കുയുക്തികളെ (fallacies) ശരിയായി മനസ്സിലാക്കി തക്ക സമാധാനം നൽകുന്നതിനും ഒരു മിഷനറിക്കു താരതമ്യ ഭാഷാശാസ്ത്രജ്ഞാനം ആവശ്യമാണു്. പത്രപംക്തികളിലും പ്രസംഗവേദികളിലും നടന്നിട്ടുള്ള വാഗ്വാദങ്ങളിൽനിന്നു ഈ യാഥാത്ഥ്യം എല്ലാവക്കും അനുഭവപ്പെട്ടിട്ടുള്ളതാണല്ലോ.

## 4. ഇൻഡ്യയുടെ ചരിത്രം, ഭൂമിശാസ്ത്രം, മനുഷ്യജാതികളുടെ വിവരണം എന്നിവയുടെ ജ്ഞാനം.

പ്രസ്തുത വിഷയങ്ങളിലും ഒരു മിഷനറി ജ്ഞാനസമ്പത്തുള്ളവനായിരിക്കണം. മുൻ ഉദ്ധരിച്ച റിപ്പോർട്ടു് ഇതെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നു. "That knowledge (Knowledge of the history of India with Indian geography and ethnography) is also indispensable to enable the student to follow with sufficient fruit the courses on the history of Indian philosophies and religions."

## 5. ഹൈന്ദവതത്വശാസ്ത്രജ്ഞാനം.

പ്രസ്തുത ജ്ഞാനം എങ്ങനെയുള്ളതായിരിക്കണമെന്നു റിപ്പോർട്ടു് പറയുന്നുണ്ടു്. The standard of knowledge to be aimed at should be equal to that required for greek and western philosophy—a solid knowledge of the basic positions of the main systems will serve the students better than an accumulation of details. In connection with the course of indian philosophy some elementary lectures might profitably be given on the social institutions, i. e, caste etc." (C. M.)

## 6. മതപരമായ ജ്ഞാനം

പ്രസ്തുത റിപ്പോർട്ട് ഇങ്ങനെ തുടരുന്നു. "The course to be given in theology should cover the main trends of indian religion. It ought not to leave out, "Popular religion", and might deal more especially with the regional religious cults. Modern religious movements must also be part of the programme. The primary purpose of such a course ought to be to help the students to obtain a good understanding of the hindu religious mentality rather than much historical erudition or technical knowledge." (C. M.)

7. ഇതെല്ലാം പ്രായോഗികമാകുന്നതിനു പുസ്തകശാല, പഠനക്കളരി, പ്രസിദ്ധീകരണങ്ങൾ ആദിയായവ അത്യന്താപേക്ഷിതങ്ങൾതന്നെ.

The seminary libraries ought, therefore, to be such that, with due safeguards and control, they offer the means for these studies. Academies and study groups have been found excellent means both to promote this and to impart that direction." (C. M. Jan. & Feb. 1945)

"Occasional lectures, private and public reading, will be the means still further to complete the students' knowledge and understanding of things — indian and missionary; religious & regional cults; customs and social questions...." (C. M. Mar. 1945)

"But the use of that library must be duly controlled, and the student's reading prudently directed. Some subjects, which seem to have a special attraction for not a few young students, are also specially 'dangerous'.

(C. M. id)

8. പരിധിവിടാതുള്ള സ്വരാജ്യസ്നേഹവും (Patriotism) സ്വജാതിസ്നേഹവും (Nationalism) ഒരു മിഷനറിക്കു ആവശ്യമാണ്.

The twin virtues of religion and patriotism are frequently compared in papal teaching as being "two duties of the first order from which no man, in this life, can exempt himself," (Leo XIII. Au Milieu and Bene. XV. Epistola quam Mediolani)

This natural virtue of patriotism, elevated and supernaturalized by christianity, is no less becoming to a catholic priest. Leo XIII and Pius XI praised the French clergy for their patriotism. Pius XI did not hesitate to make a pathetic declaration of his own patriotism in his last Allouction to the Roman Prelature. (Osser. Ro. Dec. 2. 1938).

Nor is 'nationalism' to be condemned if by nationalism is only meant the legitimate striving for the advancement of the fatherland's glory and for its political independence. (Leo XIII. Militantis Ecclesiae). The Church of course condemns the spirit of nationalism—totalitarian nationalism—an ideology rooted in egoism (i. e. the theory that bases morality on self-interest) tending to a real pagan worship of the State. (Pius XI. Non abbiamo bisogno). (C. M. Jan. & Feb 1945)

## 9. ഒരു മിഷനറി എല്ലാററിലും ഭാരതീകരിക്കപ്പെടുന്നതു ഉത്തമം.

"എല്ലാവരെയും നേടേണ്ടതിനു എല്ലാവൎക്കും എല്ലാമായി" എന്നു വി. പൗലോസിനെപ്പോലെ ഒരു മിഷനറിക്കു സങ്കോചം കൂടാതെ പറയുന്നതിനുവേണ്ടി വേഷഭൂഷണാദികളിലും ആചാരോപചാരങ്ങളിലും, ആഹാരവിഭവങ്ങളിലും, വൎത്തനരീതികളിലും വേണ്ടുന്ന വിവേകത്തോടും സഭാനിയമങ്ങൾ അനുവദിക്കുന്നോട

ത്തോളവും അദ്ദേഹം സ്വയം ഭാരതീകരിക്കുന്നതു ഉത്തമമാണ്. ഇത്തരം ഭാരതീകരണംവഴി (indianization) മതപരിവർത്തനം ചെയ്യേണ്ട ഭാരതീയരെ സമീപിക്കുന്നതിനും ആകർഷിക്കുന്നതിനും ഒരു മിഷനറിക്കു കൂടുതൽ സാദ്ധ്യത ഉണ്ടാകും. ഇങ്ങനെയാണ് ഫാ. ഡി നൊബിലി എസ്. ജെ. യും, ഫാ. ബേസ്കി എസ്. ജെ. യും ചെയ്തതു്.

10. ഹൈന്ദവരുടെ മനോഭാവം – മനഃസ്ഥിതി (Hindu mentality) എന്താണെന്നു ശരിയായി മനസ്സിലാക്കണം.

സുവിശേഷസത്യങ്ങൾ അവരുടെ മുമ്പിൽ എങ്ങനെയാണ് പ്രകാശിപ്പിക്കേണ്ടതു്–ന്യായസഹിതമോ ഉദാഹരണസഹിതമോ; (arguments similes) ന്യായത്തിനോ ഉദാഹരണത്തിനോ; യുക്തികൾക്കോ, കുയുക്തികൾക്കോ, അവരെ ബോദ്ധ്യപ്പെടുത്താൻ (convince) കൂടുതൽ ശക്തിയുള്ളതു്....; അവരുടെ മതഗ്രന്ഥങ്ങളിലും വാഗ്വാദങ്ങളിലും എങ്ങനെയുള്ള തെളിവുകളും വാദരീതിയുമാണ് അവർ ഉപയോഗിക്കുന്നതു്.... എന്നൊക്കെ ഒരു മിഷനറി മുൻകൂട്ടി അറിഞ്ഞു അതിനനുരൂപമായി പ്രവൃത്തിക്കണം. താർക്കികരീതി ഉപയോഗിച്ചു അവരെ പരാജയപ്പെടുത്തി മതപരിവർത്തനം ചെയ്യിക്കാൻ ഉദ്ദേശിച്ചു ആരും പുറപ്പെടരുതു്. ആ സ്വഭാവത്തോടുകൂടി ചെന്നാൽ അവരെ ആകർഷിക്കുന്നതിനുപകരം അകററിനിറുത്തുകയേയുള്ളു. തന്റെ സ്വഭാവവിശേഷത്താലും, വർത്തനരീതിയാലും, മധുരവാക്കുകളാലും, ജീവകാരുണ്യപ്രവൃത്തികളാലും അവരുടെ ഹൃദയത്തെ വശീകരിക്കാൻ ഒരു മിഷനറി പരിശ്രമിക്കണം. അനന്തരം അവസരോചിതമായി മതകാര്യങ്ങളെപ്പററി ഹൃദ്യസംഭാഷണം നടത്തണം. സത്യശ്രദ്ധയുടെ–മതത്തിന്റെ–യുക്തിയുക്തതയും, ശ്രേഷ്ഠതയും, ആവശ്യകതയും തെളിവായി കാണിക്കണം. അതോടൊപ്പം ഹൈന്ദവമതസിദ്ധാന്തങ്ങളുടെ യുക്തിഭംഗവും പൂർവ്വാപരവൈരുദ്ധ്യവും ഗൗരവമായ ഇതരന്യൂനതകളും യുക്തിപൂർവ്വം ചൂണ്ടിക്കാണിക്കണം. ഈ താരതമ്യം അവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ഇളക്കുകയും ചെയ്യും. ലൗകിക ഉദ്ദേശ്യ

ങ്ങൾ (worldly motives) മൻനിറുത്തി—ധനസഹായം ലഭിക്കു ന്നതിനോ, മററു ഏതെങ്കിലും കാൎയ്യലാഭത്തിനോ വേണ്ടി—മതപരി വൎത്തനം ചെയ്യാൻ ഒരു പ്രേഷിതൻ അന്യരെ പ്രേരിപ്പിക്കരുതെ ന്നു വി. ഇഗ്നേഷ്യസ് ലെയോള പ്രസ്താവിക്കുന്നു. ഇതിനെല്ലാം പുറമെ ഒരു മിഷനറിക്കു സംസ്കൃതഭാഷാജ്ഞാനം ഉണ്ടായിരിക്ക ണം. അതു ഒരു ദിവ്യഭാഷയാണെന്നും അതിൻെറ ലിപികളട ങ്ങിയ അക്ഷരമാല പതിന്നാല് സൂത്രങ്ങളായി (aphorisms) ശി വദേവൻ പാണിനിക്കു വെളിപ്പെടുത്തിയതാണെന്നും ഹൈന്ദവർ വിശ്വസിക്കുന്നു. "ഇതിമഹേശ്വരാണി സൂത്രാണ്യണാദി സംജ്ഞാ ൎത്ഥാനി" എന്നു ടി സൂത്രങ്ങളുടെ ഒടുവിലത്തെ ഭാഗം അവരുടെ വിശ്വാസത്തിനു ഒരു മൂലാധാരമായി നിലകൊള്ളുന്നു. അവരുടെ മതപരമായ സംസ്കൃതഗ്രന്ഥങ്ങളിൽ വിലയേറിയ തത്വങ്ങളും മ ഹാരഹസ്യങ്ങളും ഉണ്ട്. അവ മനസ്സിലാക്കുന്നതിനു ടി ഭാഷ യിൽ നല്ല പാടവം സിദ്ധിച്ചിരിക്കണം. ആ ഭാഷാജ്ഞാനമില്ലാ ത്തതുകൊണ്ടാണ് മിഷനറിമാർ ഹൈന്ദവമതം ഒരു വ്യാജമതമാ ണെന്നു പ്രസംഗിക്കുന്നതു്.... എന്നൊക്കെയാണ് അവരുടെ വീ രവാദം. അതിനാൽ, മിഷനറിമാരുടെ വാക്കുകൾക്കു വിലയു ണ്ടാകണമെങ്കിൽ അവർ സംസ്കൃതഭാഷാപടുക്കളുമായിരിക്കണം. വീണ്ടും, ഒരു ഹൈന്ദവൻ ഒരു വിഷയത്തെക്കുറിച്ചു പടിപടിയാ യി യുക്തിപൂൎവ്വം സംസാരിക്കുക അത്ര സാധാരണമല്ല. പ്രത്യുത, "ശാഖാചംക്രമണ"മാണു അവരുടെ ഗ്രന്ഥങ്ങളിലും വിവാദങ്ങളി ലും പ്രത്യക്ഷപ്പെടുന്നതു്. വേറെ വാക്കുകളിൽ പറഞ്ഞാൽ, "കൊമ്പുചാടുക", (skipping over) പടിപടിയായി ചാടാതെ ഒരു കൊമ്പിൽനിന്നു മറെറാരു കൊമ്പിലേക്കു ചാടുക—ഒരു വി ഷയത്തിൽനിന്നു വലിയൊരു ബന്ധവുമൊന്നുമില്ലാത്ത വേറൊ ന്നിലേക്കു ശീഘ്രം കടക്കുക, എന്നാണ്. പോരെങ്കിൽ, ധാരാളം പദ്യശകലങ്ങൾകൊണ്ടും ഉദാഹരണങ്ങൾകൊണ്ടും സംവാദം അ വർ ദീർഘിപ്പിക്കും. അങ്ങനെ ഒരു മിഷനറിക്കു ഒന്നും സംസാരി ക്കാൻ സാധിച്ചില്ലെന്നുമാത്രമല്ല, അദ്ദേഹം പരാജിതനായി എ ന്നും അപരൻ വിജയിയായി എന്നും ആയാൾ വിചാരിച്ചാനന്ദി ച്ചേക്കാം. ഇത്തരം വാദരീതികൾ ഒരു മിഷനറിവഴങ്ങിക്കൊടു ക്കേണ്ടതല്ലെന്നു സ്പഷ്ടമാണല്ലോ. എങ്കിലും, "മല്ലിനുമല്ല്" എന്ന പ്രമാണമനുസരിച്ചു ചിലപ്പോൾ ടി വാദരീതി ഒരു മിഷനറി അ നുകരിക്കുന്നതു നന്നായിരിക്കും.

## 11. അഭ്യസ്തവിദ്യരോടു പ്രസംഗിക്കേണ്ട വിധം.

അഭ്യസ്തവിദ്യരായ ഹൈന്ദവർ സാധാരണമായി "ആദൎശവാദികളും" (idealists), "യുക്തിവാദികളും" (rationalists), "ബഹുദേവതാവാദികളും" (pantheists, – either real or ideal) ബെർഗ്സോനിയരും (Bergsonians)—തെളിവു കൂടാതെ സംഗതികൾ വൃഥാ സമൎത്ഥിക്കുന്നവർ—ആയിരിക്കും. (ഹെൻറി ബെർഗ്സൺ ഒരു ഫ്രഞ്ച് യഹൂദ തത്വജ്ഞനായിരുന്നു. അദ്ദേഹം ശാസ്ത്രീയമായ ഓരോ തത്വവും തെളിവുസഹിതം കാണിക്കാതെ സാമാന്യമായി വെറുതെ സമർത്ഥിച്ചിരുന്നു. 1944-ൽ അദ്ദേഹം മൃതിയടഞ്ഞു.) അതിനാൽ, കാൻറ് (Kant), ഹെഗൽ (Hegel), ഷെല്ലിങ്ങ് (Shcelling), സ്കോഫെനൊർ (Schopheneur), ആദിയായ ആദൎശവാദികളോടും, വോൾട്ടയർ (Voltair) പ്രഭൃതികളായ യുക്തിവാദികളോടും, പ്ലെയ്റേറാ (Plato), സ്പിനോസ (Spinoza) തുടങ്ങിയ ബഹുദേവതാവാദികളോടും, തെളിവുകൂടാതെ വൃഥാ സമൎത്ഥിക്കുന്ന ബെർഗ്സൺകൂട്ടരോടും എങ്ങനെ എതിർവാദം ചെയ്യണമൊ, അങ്ങനെ ആധുനിക ഹൈന്ദവപണ്ഡിതന്മാരോടും എതിരിടണം. വേദാന്തഗ്രന്ഥങ്ങളിൽ മേൽപറഞ്ഞവരുടെ പേരുകളും വാക്കുകളും ഉദ്ധരിച്ചുകാണുന്നുണ്ട്. പക്ഷെ, അരിസ്റ്റോട്ടലിനെ (Aristotle) ഉദ്ധരിക്കുന്നില്ല. വീണ്ടും, മുൻ പ്രസ്താവിച്ചതുപോലെ വാഗ്വാദങ്ങളിൽ ഹൈന്ദവർ 'ശാഖാചംക്രമണം' —കൊമ്പുചാട്ടം— (skipping over) ചെയ്യുന്നു. പദ്യശകലങ്ങളും ഉദാഹരണങ്ങളുംകൊണ്ടു പ്രതിപക്ഷത്തെ പരാജയപ്പെടുത്താൻ പരിശ്രമിക്കുന്നു. ഇതു സമ്മതിച്ചുകൊടുക്കാതെ, യുക്തിപൂൎവ്വം പടിപടിയായി ന്യായവാദം ചെയ്യുന്നതിനു ഒരു മിഷനറി അവരെ സ്നേഹസമന്വിതം നിർബ്ബന്ധിക്കണം. അല്ലാതെ, ക്ഷോഭമോ കോപമോ ജനിപ്പിക്കുന്നതോ, ഹൃദയത്തെ വേദനിപ്പിക്കുന്നതോ ആയ വാക്കുകൾ ഒരിക്കലും പറയാതെയിരിപ്പാൻ അദ്ദേഹം സൂക്ഷിക്കണം.

കൂടാതെ, അവരുടെ ഗ്രന്ഥങ്ങളിൽ പൂൎവ്വാപരവൈരുദ്ധ്യം (contradiction) ഉണ്ടെന്നും തന്മൂലം അവക്കു ദൈവനിവേശനം (divine inspiration) ഇല്ലെന്നും അവയിൽ അധിഷ്ഠമായ മതം ദൈവസ്ഥാപിതമല്ലെന്നും കാണിക്കാനാണ് ഒരു മിഷനറിയുടെ പ്രധാന പരിശ്രമം. പക്ഷെ, അദ്ദേഹം ഒരു കാൎയ്യം അനുസ്മരി

ക്കണം. 'പൂർവ്വാപരവൈരുദ്ധ്യം' അവരുടെ മതഗ്രന്ഥങ്ങളിൽ ഇല്ലെന്നാണ് അവരുടെ ശക്തിമത്തായ വാദം. വീക്ഷണകോണമനുസരിച്ചു (angle of vision) ആയിരിക്കും വീക്ഷണവും (vision). ഈ മട്ടം വച്ചുനോക്കുമ്പോൾ ഒന്നു 'അധമവും അപൂർണ്ണവും' (lower & imperfect) ആയ വീക്ഷണം (view); മറേറതു 'ഉത്തമവും പൂർണ്ണവും' (higher & perfect) ആയ വീക്ഷണം (view); ഒന്നു 'ശാസ്ത്രീയമായതു്' (scientific), മറേറതു് 'അശാസ്ത്രീയമായതു്' (unscientific); ഒന്നു 'സാമാന്യമായതു്' (ordinary or popular), മറേറതു് 'തത്വശാസ്ത്രപരമായതു്' (philosophical); ഒന്നു 'സാധാരണന്മാൎക്കുള്ളതു്', മറേറതു് 'തത്വജ്ഞന്മാൎക്കുള്ളതു്' എന്നീ വ്യത്യാസം മാത്രമേയുള്ളു. ഉദാ. സാധാരണന്മാൎക്കു പരമാത്മാവും ജീവാത്മാവും തികച്ചും വ്യത്യസ്തമായ രണ്ടു 'സത്ത'കളാണ്. 'തത്വജ്ഞന്മാൎക്കു' അതു രണ്ടും മുന്തിരിവള്ളിയും ശാഖകളുംപോലെയാണ്. എന്നാൽ 'ബ്രഹ്മജ്ഞാനികൾക്കു (ബ്രഹ്മത്തെ നേരിട്ടു കണ്ടാനന്ദിക്കുന്നവൎക്കു—(അതു ഇഹത്തിലുംകൂടി ആവാം എന്നാണു അവരുടെ അഭിമതം) അതു രണ്ടും ഒന്നുതന്നെ. ഇതുകൊണ്ടു ബ്രഹ്മജ്ഞാനികൾക്കു, "അഹംബ്രഹ്മാസ്മി" —ഞാൻ ബ്രഹ്മമാകുന്നു—, "തത്വമസി",—"നീ അതാകുന്നു" (ബ്രഹ്മമാകുന്നു) എന്നു പറയാൻ കഴിയും. ഇനിയും വേറൊരു ഉദാഹരണം. 'സാമാന്യജനങ്ങൾക്കു' ഈ ദൃശ്യപ്രപഞ്ചം യഥാൎത്ഥമാണ് (real objectively); പണ്ഡിതന്മാൎക്കു (philosophers) അതു അനിൎവ്വചനീയമാണ് (inexplicable) —യഥാൎത്ഥവുമല്ല, അയഥാൎത്ഥവുമല്ല (neither real, nor unreal). ബ്രഹ്മജ്ഞാനികൾക്കോ എന്നാൽ അതു സത്യമായും അയഥാൎത്ഥമാണ് (truly unreal). അതിനാൽ, വ്യത്യസ്തമായ വീക്ഷണകോണമനുസരിച്ചു വീക്ഷണവും വ്യത്യസ്തമായിരിക്കുമെന്നല്ലാതെ, 'പൂർവ്വാപരവൈരുദ്ധ്യം' ഞങ്ങളുടെ സിദ്ധാന്തങ്ങളിൽ കാണുകയില്ല. ഇങ്ങനെയെല്ലാമാണു തത്വജ്ഞന്മാരുടെ വാദകോലാഹലം. ഇതെപ്പററി ഇപ്പോൾ വിമൎശിക്കുന്നില്ല. അതു അതിന്റെ സ്ഥാനത്തും സമയത്തും ആവാം. പ്രസ്തുത തത്വം ആസ്പദമാക്കി ഓരോ വേദാന്തിയും ഓരോ വേദാന്തവാക്യത്തെ തന്റെ വീക്ഷണത്തിന്റെ പ്രകൃതമനുസരിച്ചു വ്യാഖ്യാനിച്ചു അൎത്ഥനിൎണ്ണയം ചെയ്യുന്നു. ഇവരോടു വാദപ്രതിവാദം നടത്തി വിജയം നേടാൻ വളരെ പ്രയാസമുണ്ടു്. അതിനുള്ള ഏകമാൎഗ്ഗം സൗഹൃദത്തോടും സൗമനസ്യത്തോടുംകൂടി അവരുടെ നേരെ വൎത്തിച്ചു അ

വരുടെ ഹൃദയം കവരന്നോടുക്കാൻ യത്നിക്കുകതന്നെ. ഇവരെ സമീപിക്കുന്നതിനുമുമ്പ് അവരുടെ വേദാന്തത്തിലും—ഉപനിഷത്തുക്കളിലും—ഭഗവദ്ഗീതയിലും, ശ്രീ ശങ്കരാചാര്യാദിയായവരുടെ കൃതികളിലും നല്ലജ്ഞാനം ഒരു മിഷനറി സമ്പാദിച്ചിരിക്കണം.

## 12. അനഭ്യസ്തവിദ്യരെ ഒരു മിഷനറി എങ്ങനെ സമീപിക്കണം?

മുമ്പ് പ്രസ്താവിച്ചതുപോലെ, ശാസ്ത്രീയമായ വാദരീതി ഇവിടെ ആവശ്യമില്ല. ശാസ്ത്രീയ ഗ്രന്ഥങ്ങളെയും വാദരീതിയെയും കുറിച്ചു ഇവക്കു അറിവില്ലാത്തതിനാൽ, പ്രധാനവും പ്രഥമവുമായി രാമായണം, മഹാഭാരതം, ഭാഗവതം (ഭഗവാൻെറ—ശ്രീകൃഷ്ണൻെറ—ജീവചരിത്രമടങ്ങിയ ഒരു പുരാണം), പിന്നെ ഗീതയും ഒരു മിഷനറി അറിഞ്ഞിരുന്നാൽ മതിയാകും എന്നു പറയാം. പോരെങ്കിൽ, അവതാരങ്ങളുടെ പുരാണചരിത്രവും, ത്രിമൂത്തികൾ തുടങ്ങിയ ദേവന്മാരുടെയും ദേവികളുടെയും ചില ശൂരാശൂരന്മാരുടെയും കഥകളും മററു ചില പുരാണകഥകളും, കുറെ പദ്യശകലങ്ങളും, ഉദാഹരണങ്ങളുംകൂടി അറിഞ്ഞിരിക്കയും അദ്ദേഹത്തിൻെറ വത്തനം സ്നേഹസമന്വിതവും ആകഷകവുമായിരിക്കയും ചെയ്താൽ സുവിശേഷപ്രസംഗത്തിനായി അദ്ദേഹത്തിനു ധൈയ്യസമേതം അവരെ സമീപിക്കാം. വിദ്യാസമ്പത്തിനും പുറമെ ഒരു പ്രേഷിതനു സുകൃതസമ്പത്തും ധാരാളമായുണ്ടായിരിക്കണെമല്ലൊ.

അവസാനമായി, മുൻപ്രസ്താവിച്ച താരതമ്യമായ മതപഠനവും ഇതരമാർഗ്ഗങ്ങളും മുഖേന ഒരു മിഷനറി വിജയശ്രീലാളിതനാകുമോയെന്നു സംശയിപ്പാൻ അവകാശമില്ലതന്നെ. ഇനി ഒരുപക്ഷെ, ഒരവസരത്തിൽ ഫലം കാണാൻ സംഗതിയായില്ലെങ്കിൽ ഇച്ഛാഭംഗപ്പെടാതെ, "ഞാൻ നട്ടു, അപ്പോളോ നനച്ചു, ദൈവം സമൃദ്ധിനൽകി". (1 കോ. 3: 6) എന്നീ വാക്കുകളിന്മേൽ ധ്യാനിച്ചു സമാധാനിച്ചുകൊണ്ടാൽ മതി.

ഇത്രയും ആമുഖമായി പ്രസ്താവിച്ചശേഷം നമ്മുടെ ചച്ചാവിഷയത്തിലേക്കു—വേദാന്തത്തിലേക്കു—നമുക്കു കടക്കാം.

oooooooooo

## മുഖവുര

മുൻപക്ഷങ്ങളിൽ മിഷൻവേല സഫലവും സമൃദ്ധവുമാകേണ്ടതിന ഒരു മിഷനറി താരതമ്യമായ മതപഠനം നടത്തണമെന്നും, എന്നാൽ ഒരു ഭാരതീയ മിഷനറി പ്രധാനവും പ്രഥമവുമായി ഹൈന്ദവരോടാണ പ്രസംഗിക്കേണ്ടതെന്നും തന്മൂലം അവരുടെ മതഗ്രന്ഥങ്ങൾ—വേദാന്തകൃതികൾ—പഠിക്കണമെന്നും, മിഷൻ വേലക്കു പര്യാപ്തമായ മാറ്റങ്ങളും ഇതര പരിതസ്ഥിതികളും ഏവയെന്നും ന്യായസഹിതം പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനാൽ, ഇനി നമുക്ക വേദാന്തപഠനമാരംഭിക്കാം. വേദാന്തത്തിന 'ചരിത്ര'വും 'ശാസ്ത്ര'വും എന്നിങ്ങനെ രണ്ടു ഭാഗങ്ങൾ ഉണ്ട്. പ്രഥമത; നമുക്ക അതിൻെറ ചരിത്രഭാഗത്തിലേക്കു കടക്കാം.

### ചരിത്രം

### ഹൈന്ദവരുടെ പൂർവ്വികന്മാർ; 'ഹിന്ദു'ശബ്ദത്തിൻെറ ഉല്പത്തിയും അർത്ഥവും.

ഭൂമി സൃഷ്ടിച്ചിട്ടു ഉദ്ദേശം 1658-ാം വർഷത്തിൽ ദൈവം നരവംശത്തെ ഒരു ജലപ്രളയംമൂലം ശിക്ഷിച്ചു. (സൃഷ്ടി പുസ്തകം; അദ്ധ്യായം 8. 9) അതിൽ നോഹും (Noe) ആയാളുടെ കുടുംബവും മാത്രം അവശേഷിച്ചു. (സൃഷ്ടി. അ. 10) നോഹിന ശേം, കാം-(ഹാം), യവ്ത്തു (Sem, Cham, or Ham and Japhet) എന്നീ മൂന്നു പുത്രന്മാരുണ്ടായിരുന്നു. ഇവരും ഇവരുടെ സന്തതികളും ബാബിലോൺ ഗോപുരം പണിയുന്നതുവരെ ഒരു പൊതുസ്ഥലത്തു താമസിക്കുകയും ഒരു പൊതുഭാഷ സംസാരിക്കുകയും ചെയ്തിരുന്നു (3000 ബി. സി. വരെ). പ്രസ്തുത ഗോപുരം പണിയുന്നയവസരത്തിലുണ്ടായ ഭാഷാകുഴപ്പംമൂലം (confusion of tongues) ജലപ്രളയമുണ്ടായിട്ടു ഉദ്ദേശം 140 വർഷത്തിനശേഷം അവർ പരസ്പരം വേർപിരിയുകയും പല ജാതികളായി-ജനതകളായി (nations) തിരിയുകയും അവിടെവിടെയായി കുടിയേറി പാർക്കുകയുംചെയ്തു. (സൃഷ്ടി. അ. 11). ശേം സന്തതികൾ (മഞ്ഞ തൊലിയുള്ളവർ--(yellow-skinned) ഏഷ്യയിലും, കാം സന്തതികൾ (കറുത്ത തൊലിയുള്ളവർ —(black-skinned) ആഫ്രിക്കയിലും, യവ്ത്തു സന്തതികൾ (വെളുത്ത തൊലിയുള്ളവർ- (white-skinned) മദ്ധ്യ

ഏഷ്യയിലും കുടിയേറി പാൎത്തു. പിന്നീട് ഉദ്ദേശം 2000 ബി. സി. യിൽ യവ്ത്തിന്റെ ഏഴ പുത്രന്മാർ (ഗോമെർ, മാഗോഗ്, മാദായി, ജാവാൻ, താബെൽ, മോസൊക്ക്, തീറാൻ) യൂറോപ്പിലേക്കും പേർഷ്യയിലേക്കും (പണ്ടത്തെ 'ഈറാൻ' Iran) പുറപ്പെട്ടു. പേർഷ്യായിലെ യവ്ത്തു സന്തതികളിൽ മാദായിയുടെ സന്തതികൾ ഏതാണ്ട് 1500 ബി. സി. യിൽ ഉത്തരേന്ത്യയിൽ (പണ്ടത്തെ ഭാരതവൎഷത്തിൽ) വന്നു ഇന്നത്തെ ഇൻഡസ് (Indus—പണ്ടത്തെ സിന്ധു) നദീതീരത്തു താമസമാരംഭിച്ചു. (The Principal Religions of the World. p. 408). 'സിന്ധു' ശബ്ദത്തെ 'ഇന്ദു' എന്നു ഗ്രേക്കരും (Greeks), 'ഹിന്ദു' എന്നു പേർഷ്യരും ഉച്ചരിക്കയും ആ സ്ഥലനിവാസികളെ 'ഇന്ദു'ക്കളെന്നും (Indoi) 'ഹിന്ദു'ക്കളെന്നും (Hindus) ക്രമാനുസരണം അവർ പേർ വിളിക്കുകയും ചെയ്തു. അവരുടെ മുൻവാസസ്ഥലമായ മദ്ധ്യ ഏഷ്യയിലാകട്ടെ അവൎക്കു "ആൎയ്യ"ന്മാർ എന്നായിരുന്നു പേർ. 'ആൎയ്യ'ശബ്ദത്തിന്റെ ഉല്പത്തിയെപ്പററി അഭിപ്രായവ്യത്യാസമുണ്ട്. 'ആരൊ', 'അരാരെ'—(Aro, Arare) ഉഴുക എന്നീ ലത്തീൻ ധാതുവിൽ നിന്നാണ് ടി. ശബ്ദം നിഷ്പാദനം ചെയ്യപ്പെട്ടിട്ടുള്ളതെന്നു ചിലർ പറയുന്നു. വേറെ ചിലരാകട്ടെ ടി. ശബ്ദത്തിനു 'മാന്യൻ' എന്നൎത്ഥം കല്പിക്കുന്നു. സംസ്കൃതത്തിലെ 'ആൎയ്യ'ശബ്ദം മാന്യന്മാരെ സംബോധനചെയ്യുമ്പോൾ (ശ്രീമാൻ, മിസ്റ്റർ എന്ന സ്ഥാനത്തു) ഉപയോഗിക്കാറുണ്ടല്ലൊ. ആൎയ്യന്മാർതന്നെ സ്വയം ഈ പേരു സ്വീകരിച്ചുവെന്നു പറയുന്നവരുമുണ്ട്. എന്തെന്നാൽ അവർ തങ്ങളുടെ ചുററിലുമുള്ള ഇതരജാതികളേക്കാൾ ഉയൎന്ന നിലയിലുള്ളവരാണെന്നു സ്വയം പ്രകീൎത്തിച്ചിരുന്നു. എങ്ങനെയായാലും പുരാതന ഹൈന്ദവരേഖകളിൽ ഈ അൎത്ഥത്തിലാണ് ടി. ശബ്ദം ഉപയോഗിച്ചിരുന്നതെന്നു നെൽസൺ, ഫ്രാസർ, പ്രോത്തെരൊ (Nelson, Fraser, Prothero) എന്നിവരുടെ ഇന്ത്യാചരിത്രങ്ങളിൽ കാണുന്നു.

<u>സൂചനം</u>. 'ഹിന്ദു', 'ഹൈന്ദവ' എന്നീ ശബ്ദങ്ങൾക്കു ഭൂമിശാസ്ത്രപരമായി (geographically) അർത്ഥം നൽകുമ്പോൾ അവ ജാതിമതഭേദമെന്യേ പ്രസ്തുത ഇന്തോ—ആൎയ്യന്മാരുടെ (Indo—Aryans) സന്താനങ്ങളെല്ലാവരെയും കുറിക്കുന്നു. എന്നാൽ, മതപരമായി പരിഗണിക്കുമ്പോൾ ആ രണ്ടു ശബ്ദങ്ങളും ഒരു പ്രത്യേക മതവിഭാഗക്കാരെ (religious sect) മാത്രം—ഹിന്തുമതാനുയായികളെമാത്രം അൎത്ഥമാക്കുന്നു എന്നു നാം ഇവിടെ അനുസ്മരിക്കണം.

പ്രസ്തുത ഇന്തോ—ആൎയ്യന്മാരുടെ പ്രസിദ്ധ മതഗ്രന്ഥമാണ് 'വേദാന്തം' (Vedanta). ഇതാണ് ഇവിടത്തെ നമ്മുടെ പ്രതിപാദ്യവിഷയം.

## 'വേദാന്ത'ശബ്ദം

'വേദാന്ത'ശബ്ദം അതിൻെറ വ്യാപകാൎത്ഥത്തിൽ ഹൈന്ദവരുടെ സകല മതഗ്രന്ഥങ്ങളുടെയും, സഞ്ചയത്തെ കുറിക്കുന്നു എന്നു പറയാം. 'ശ്രുതി', 'സ്മൃതി' എന്ന ഗ്രന്ഥങ്ങളുടെ സഞ്ചയമാണ് അതു്. 'ശ്രുതി' (Sruti–ശ്രു = കേൾക്കുക, അറിയിക്കുക) = കേൾവി, അറിയിക്കൽ, എന്നീ വാച്യാൎത്ഥത്തിനും പുറമെ, ആവിഷ്കരണം—വെളിപാടു്—എന്നുംകൂടി വേദാന്തത്തിൽ അൎത്ഥമുണ്ടു്. എന്തെന്നാൽ ശ്രുതി മുഴുവനും ബ്രഹ്മാവു് മഹൎഷിമാൎക്ക പറഞ്ഞുകൊടുത്തതാണ്—വെളിപ്പെടുത്തിയതാണ്. അപ്പോൾ അവർ അതുകേട്ടു് രേഖപ്പെടുത്തി. അതുകൊണ്ടു 'ശ്രുതി'–കേൾവി–വെളിപാടു് (Hearing, revelation) എന്നു അതിനു പേർ സിദ്ധിച്ചു. ഇതാണ് ഹൈന്ദവരുടെ വിശ്വാസം.

"സബ്രഹ്മവിദ്യാം സൎവ്വവിദ്യാപ്രതിഷ്ഠാ-
മഥർവായ ജ്യേഷ്ഠപുത്രായ പ്രാഹ".
(മുണ്ഡക ഉപനിഷത്തു് പ്രഥമ മുണ്ഡക)

സൎവ്വ വിദ്യയുടെയും—ജ്ഞാനത്തിൻെറയും—അടിസ്ഥാനമായ ബ്രഹ്മവിദ്യയെ—ജ്ഞാനത്തെ—ബ്രഹ്മാവ് തൻെറ ജ്യേഷ്ഠപുത്രനായ അഥർവനു വെളിപ്പെടുത്തി എന്നാണു ടി. വേദാന്തവാക്യത്തിൻെറ അൎത്ഥം.

## 'ശ്രുതി'ഗ്രന്ഥങ്ങൾ–വേദങ്ങൾ

ഋഗ്വേദം (Rig-veda), യജുൎവ്വേദം (Yajur-veda), സാമവേദം (Sama-veda), അഥൎവ്വവേദം (Atharva-veda) എന്നീ ചതുർവേദങ്ങളും, ബ്രാഹ്മണങ്ങളും (Brahmana), ആരണ്യകങ്ങളും (Aranyaka), ഉപനിഷത്തുക്കളും (Upanishad) ആണ്. ഇവ "അപൗരുഷേയ"ങ്ങൾ (Apaurusheya) എന്നു പറയപ്പെടുന്നു. എന്തെന്നാൽ ഇവ മനുഷ്യനിൎമ്മിതങ്ങളല്ല, പ്രത്യുത മുൻ പ്രസ്താവിച്ചതുപോലെ നേരിട്ടു ബ്രഹ്മാവിനാൽ വെളിപ്പെടുത്തപ്പെട്ടവയാ

ണെന്നു ഹൈന്ദവലോകം വിശ്വസിക്കുന്നു. തന്മൂലം ഇവയുടെ ഗ്രന്ഥകാരന്മാർ "ദ്രഷ്ടാര"ന്മാർ—കണ്ടവർ (Seers) എന്നു വിളിക്കപ്പെടുന്നു; "കർത്താര"ന്മാർ, അഥവാ "സ്രഷ്ടാര"ന്മാരല്ല (Composers).

വിശദീകരണം: വേദശബ്ദത്തിന്റെ നിർവ്വചനം ഇപ്രകാരമാകുന്നു. "വിദ്" (Vid = അറിയുക) എന്ന സംസ്കൃതധാതുവിൽ നിന്നാണ് വേദശബ്ദത്തിന്റെ ഉല്പത്തി. ടി. നാമശബ്ദത്തിനു 'അറിവ്'—ജ്ഞാനം, വിശിഷ്യാ 'ദിവ്യജ്ഞാനം' എന്നാണ് അർത്ഥം. ഈ അർത്ഥത്തിൽ പ്രസിദ്ധ വേദവ്യാഖ്യാതാവായ സായനാചാര്യർ (Sayanacharya) വേദശബ്ദത്തെ ഇങ്ങനെ നിർവ്വചിക്കുന്നു. "ഇഷ്ടപ്രാപ്ത്യനിഷ്ടപരിഹാര പാരലൗകികമുപായം യോ ഗ്രന്ഥോവേദയതിസവേദഃ" (Veda is the book that tells us of the supernatural methods of how to avoid the sufferings and how to get the desirable happiness. (ഈശ ഉപനിഷത്ത്).

## ഋഗ്വേദം

ഋഗ്—എന്നതിന്റെ മൂലം 'ഋച്' (Rich)—ഗാനം—കീർത്തനം—ധാതുവാണ്. സന്ധി (Euphony) നിയമമനുസരിച്ചു 'ച്' (Che) മാറി 'ഗ്' (Ge) ആദേശമായി (Substitute) വന്നു.

## യജുർവ്വേദം

യജുസ് = പ്രാർത്ഥന—ബലിയർപ്പണത്തിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകൾ (Sacrificial formulae)

## സാമവേദം

സാമൻ = ഗാനം—സോമബലിയർപ്പണത്തിൽ ഉപയോഗിക്കുന്ന ഗാനങ്ങൾ.

## അഥർവ്വവേദം

അഥർവ്വൻ = ആചാര്യൻ (A brahmana priest) അഗ്നിക്കും സോമക്കും വന്ദനം നൽകുന്ന ഒരുകൂട്ടം ആചാര്യന്മാരുടെ വേദം.

## ഉള്ളടക്കം

ബ്രഹ്മാവിനെയും, സൂര്യൻ അഗ്നി മുതലായ ദേവന്മാരെയും ഇതരപ്രകൃതിശക്തികളെയും, ജീവാത്മാവിനെയും (മനുഷ്യാത്മാവു) മുക്തിയെയും ഭാവിജീവിതത്തെയും ബലിയർപ്പണത്തെയും പററിയാണ് വേദങ്ങളിൽ സാമാന്യമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്.

ഋഗ്വേദം— ഇതിൽ ബ്രഹ്മാവിനെക്കുറിച്ചുള്ള സ്തുതിവർണ്ണനകൾ അടങ്ങിയിരിക്കുന്നു. ഹോതൃ (Hotru=ബലിയർപ്പിക്കുന്ന പുരോഹിതൻ—ധാതു "ഹു"=അഗ്നിയിൽ ഒഴിക്കുക) പുരോഹിതന്മാരാണ് ടി. ഗാനങ്ങൾ ആലപിക്കുന്നതു്. ഇവർ പ്രധാന പുരോഹിതന്മാരുമാണ്. പദ്യരൂപത്തിൽ രചിതമായ ഈ വേദത്തിൽ പത്തു മണ്ഡലങ്ങളിലായ് (പുസ്തകങ്ങളിലായ്) 10,600 ശ്ലോകങ്ങൾ (Verses) 1028 ഗാനങ്ങളായ് (Hymns) വിഭജിക്കപ്പെട്ടിരിക്കുന്നു.

യജൂർവ്വേദം—ഇതു ഗദ്യപദ്യങ്ങളോടുകൂടിയതും അതിലെ ഭൂരിഭാഗം ഋഗ്വേദത്തിലേതുമാണ്. ഇതു് 'ശുക്ല' അഥവാ 'വാജസനേയി' യജൂർവ്വേദം എന്നും, 'കൃഷ്ണ' അഥവാ 'തൈത്തിരിയ' യജൂർവ്വേദം എന്നും ഇങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടുപേരുകളുടെയും ഉത്ഭവത്തെപ്പററിയുള്ള ചില ഐതിഹ്യങ്ങൾ അറിയുന്നതു വായനക്കാർക്കു രസകരമായിരിക്കുമെന്നു തോന്നുന്നതിനാൽ അവ ഇവിടെ ചേർക്കുന്നു

1) യജൂർവ്വേദം പഠിപ്പിച്ചിരുന്ന 'വൈശമ്പായന' എന്ന ഋഷിയുടെ ശിഷ്യനായ 'യാജ്ഞവല്ക്യൻ' സ്വഗുരുഭൂതനു എങ്ങനെയൊ അതൃപ്തിയുള്ളവനായിത്തീർന്നു. ഉടൻ കോപിഷ്ഠനായ ഗുരു താൻ നൽകിയ വേദജ്ഞാനം മുഴുവനും ഉപേക്ഷിക്കണമെന്നു ആവശ്യപ്പെട്ടു. തൽക്ഷണം ശിഷ്യൻ അതു ഛർദ്ദിച്ചു. അപ്പോൾ ഇതര ശിഷ്യന്മാർ 'തിത്തിരി' (Tittiri-partridges)—ഒരുതരം കറുത്ത പക്ഷികളുടെ രൂപമെടുത്തു അതെല്ലാം കൊത്തിപ്പെറുക്കിയെടുത്തു. ഇക്കാരണത്താൽ അതു (യജൂർവ്വേദത്തിൻെറ ഒരു ഭാഗം) 'കൃഷ്ണ' അഥവാ 'തൈത്തിരിയ' യജൂർവ്വേദമെന്നും ഇതരഭാഗം 'ശുക്ല' അഥവാ 'വാജസനേയി' യജൂർവ്വേദമെന്നും പേർ വിളിക്കപ്പെട്ടു. (വിഷ്ണുപുരാണം)

2) യാജ്ഞവല്ക്യൻ കഠിന തപസ്സുചെയ്തുകൊണ്ടു് വൈശമ്പായന എന്ന തൻെറ ഗുരുഭൂതനു ലഭിക്കാത്ത യജൂർവ്വേദജ്ഞാനം

തനിക്കു പ്രദാനംചെയ്യണമെന്നു സൂര്യഭഗവാനോടു അഭ്യർത്ഥിച്ചു. തൽഫലമായി സൂര്യഭഗവാൻ ഒരു കുതിരയുടെ (വാജിൻ) വേഷത്തിൽ പ്രത്യക്ഷനായി അയാളുടെ അഭ്യർത്ഥന സാധിച്ചുകൊടുത്തു. (പ്രകാശമുള്ള) സൂര്യഭഗവാൻ വെളിപ്പെടുത്തിക്കൊടുത്തതുമൂലം 'ശുക്ല' (White or bright) വേദമെന്നും കുതിരയുടെ (വാജിൻ) രൂപമെടുത്തതുമൂലം 'വാജസനേയി' വേദമെന്നും, നേരേമറിച്ചു മററ ഭാഗത്തിനു 'കൃഷ്ണ'വേദമെന്നും പേർ സിദ്ധിച്ചു.

3) പരിഷ്കൃതവും ക്രമീകൃതവുമായ വിധത്തിൽ യജുർവ്വേദത്തെ സ്വീകരിച്ചിരുന്ന അർവ്വാചീനരായ വാജസനേയി എന്ന ഒരുകൂട്ടർ പ്രസ്തുത കാരണത്താൽ തങ്ങളുടെ വേദത്തെ 'ശുക്ല' വേദമെന്നും ക്രമീകരണം കൂടാതെ ഉപയോഗിച്ചിരുന്ന പ്രാചീനരുടെ വേദത്തെ 'കൃഷ്ണ'വേദമെന്നും പേർവിളിച്ചു. രണ്ടും മൂന്നും അഭിപ്രായങ്ങളാണു് കൂടുതൽ യുക്തിയുക്തമായിട്ടുള്ളതെന്നു (More rational) നിരീക്ഷണപടുക്കൾ (Critics) പ്രസ്താവിക്കുന്നു. (Cfr. Popular Hinduism on Rig-veda, pa. 9). യജുർവ്വേദം ഉപയോഗിക്കുന്നതു് 'അധ്വര്യു' എന്ന പുരോഹിതന്മാരാണു്.

## സാമവേദം

1800 ശ്ലോകങ്ങളുള്ള (Verses) ഈ വേദം മിക്കവാറും മുഴുവനുംതന്നെ ഋഗ്വേദത്തിൽനിന്നു എടുത്തിട്ടുള്ളതാണു്. ഉദ്ഗാതൃ (Udgatru=പാടുന്നവർ) പുരോഹിതന്മാർ 'സോമ'ബലി മുതലായവ അർപ്പിക്കുമ്പോൾ ടി. വേദവാക്യശകലങ്ങൾ ആലപിക്കുന്നു. അതുകൊണ്ടാണു് 'ഉദ്ഗാതൃ' (ഉദ്+ഗാ=പാടുക) എന്ന പേർ വിളിക്കപ്പെടുന്നതു്.

## അഥർവ്വവേദം

ആറിൽ ഒരു ഭാഗം ഗദ്യത്തിലും ഇതര ഭാഗങ്ങൾ പദ്യത്തിലുമുള്ള ഈ ഗ്രന്ഥത്തിൽ ഇരുപതു 'മണ്ഡല'ങ്ങൾ—പുസ്തകങ്ങൾ—ഉണ്ടു്. ഇവയെല്ലാംകൂടി 6000 ശ്ലോകങ്ങളുള്ള (Verses) 700 ഗാനങ്ങളുണ്ടു് (Hymns). രോഗശമനം വരുത്തുന്നതിനും അസുരന്മാരെ (പിശാചുക്കളെ) ഓടിക്കുന്നതിനും മററുമുള്ള മന്ത്രങ്ങളും ശാപങ്ങളും, തിന്മ അകററുന്നതിനും നന്മ ലഭിക്കുന്നതിനുമുള്ള മന്ത്രങ്ങളുമാണു് ടി. വേദത്തിൽ അടങ്ങിയിരിക്കുന്നതു്. ഋഗ്വേദം കഴിഞ്ഞാൽ ഈ വേദത്തിനാണു് പ്രാധാന്യമുള്ളതെന്നു പറയപ്പെടു

ന്നു. (Cfr. Popular Hindiusm, pa. 109) ഇതു ഉപയോഗിക്കുന്നതു അഥർവ്വന്മാരായ—ബ്രാഹ്മണന്മാരായ—പുരോഹിതന്മാരാണ്. ബ്രാഹ്മണന്മാർ പുരോഹിതവർഗ്ഗത്തിൽപ്പെട്ടവരാണല്ലോ. ഇങ്ങനെ ചതുർവ്വേദങ്ങളിൽ ഓരോന്നും ഓരോതരത്തിൽ (Class) പെട്ട പുരോഹിതന്മാർ (ഹോതൃ, അധ്വര്യു, ഉദ്ഗാതൃ, അഥർവ്വൻ അല്ലെങ്കിൽ ബ്രാഹ്മണൻ എന്നീ പുരോഹിതവർഗ്ഗക്കാർ) ഉപയോഗിക്കുന്നു.

## രചയിതാക്കൾ (Composers)

മരിചി, അത്രി, അംഗീരസ് ആദിയായ മഹർഷിമാരാണെന്നു ഹൈന്ദവപാരമ്പര്യത്തിൽ കാണുന്നു. മുൻപ്രസ്താവിച്ചിരിക്കുന്നതുപോലെ ഇവ 'ശ്രുതി'ഗ്രന്ഥങ്ങളാകയാൽ ഇവയുടെ ഗ്രന്ഥകർത്താവു ബ്രഹ്മാവുതന്നെയാണ്. മഹർഷിമാർ വെറും ഉപകരണങ്ങൾ മാത്രം.

## രചനാകാലം (Date of Composition)

വേദങ്ങൾ ആവിർഭവിച്ചതു ഏതാണ്ടു 1500–800 ബി.സി. യിലാണെന്നു മഹാ വേദവിത്തായ (Vedic scholar) മാക്സ്മുല്ലർ (Max Muller) പ്രഭൃതികൾ അഭിപ്രായപ്പെടുന്നു. ഋഗ്വേദം പരിശോധിക്കുന്നപക്ഷം, ഇന്ത്യയിലെ ആദിമനിവാസികളായ (Aborigines) ദാസന്മാരെ (Servants—ആര്യന്മാർ അങ്ങനെയാണ് അവരെ വിളിച്ചിരുന്നതു്) നശിപ്പിക്കുന്നതിനു യുദ്ധദേവനായ ഇന്ദ്രനോടു് ആര്യന്മാർ പ്രാർത്ഥിക്കുന്നതായി കാണാം. തന്മൂലം ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചശേഷമാണ് ടി. ഗ്രന്ഥങ്ങൾ ആവിർഭവിച്ചതു്. എങ്കിലും ഋഗ്വേദത്തിന്റെ ചില ഭാഗങ്ങൾ വളരെ മുമ്പു് (2000 ബി. സി. യിൽ) മദ്ധ്യ ഏഷ്യയിൽ വച്ചു രചിതമായിട്ടുണ്ടെന്നു ചരിത്രകാരന്മാർ പറയുന്നു.(നെത്സൺ–Nelson) ഇന്നത്തെ സംസ്കൃതഭാഷയുടെ ഒരു മൂലരൂപത്തിൽ പഞ്ചാബിൽവച്ചാണ് അവ രചിക്കപ്പെട്ടതു്. ആദിമകാലങ്ങളിൽ കർണ്ണപരമ്പരയാ ആണ് ഇവ പൂർവ്വഗാമികളിൽനിന്നു അനന്തരഗാമികൾക്കു ലഭിച്ചതു്.

## സംയോജനകാലം (Date of Compilation)

എ. ഡി. ആറാം ശതാബ്ദത്തിൽ വ്യാസമഹർഷി (Vyasa) വേദങ്ങളെല്ലാം ഒരു സംഹിതയായി സംയോജിപ്പിച്ചു എന്നു പറ

യപ്പെടുന്നു. പക്ഷേ, കാലക്രമത്തിൽ അതിന്റെ ക്രമീകരണം നഷ്ടീഭവിച്ചപ്പോൾ ഉദ്ദേശം എ. ഡി. പതിനൊന്നാം ശതാബ്ദത്തിൽ കൃഷ്ണദ്വൈപായന മഹർഷി അതെല്ലാം ഭംഗിയായി ക്രമീകരിച്ചു ഇന്നു നാം കാണുന്നതുപോലെ നാലു വേദങ്ങളായി തരം തിരിച്ചുവെന്നാണ് പാരമ്പര്യം. (Hindu Examiner pa. 39; ഈശ ഉപനിഷത്ത്, പക്ഷം 5)

## ലേഖനകാലം (Date of writing)

ബാബിലോണിൽനിന്നു ഇന്ത്യയിലേക്കു ലേഖനവിദ്യ (Art of writing) കൊണ്ടുവന്നതു ഏതാണ്ട് 600 ബി. സി. യിലാണ്. എങ്കിലും എഴുതുന്നതിനു പററിയ സാധനം (Suitable material) ലഭിക്കാഞ്ഞതിനാലും മററും എ. ഡി. ഒന്നാം നൂററാണ്ടിനു മുമ്പു വരെ ഒന്നും എഴുതപ്പെട്ടിട്ടില്ലെന്നാണ് സാമാന്യാഭിപ്രായം. മോനിയർ വില്യംസ് (Monier Williams) ആകട്ടെ ഏററവും പുരാതനമായ ബ്രാഹ്മണകൃതി (800—500 ബി.സി) ബി.സി. 500 നു മുമ്പു എഴുതപ്പെട്ടിട്ടുണ്ടായിരിക്കണമെന്നു പറയുന്നു.

## മുദ്രണകാലം (Date of printing)

എ. ഡി. 15–ാം ശതവർഷത്തിലാണ് അച്ചടിവിദ്യ കണ്ടുപിടിച്ചതെന്നു പ്രഥമതഃ നാം ഇവിടെ അനുസ്മരിക്കണം. 1830–ൽ റോസെൻ (Rosen) ഋഗ്വേദത്തിലെ കുറെ ഗാനങ്ങൾ പ്രസിദ്ധീകരിച്ചു. ലത്തീൻ ഭാഷയിലേക്കു അദ്ദേഹം തർജ്ജമചെയ്ത ഋഗ്വേദത്തിന്റെ പ്രഥമ മണ്ഡലം (പുസ്തകം) അദ്ദേഹത്തിന്റെ മരണാനന്തരം 1838–ൽ പ്രസിദ്ധീകൃതമായി.

## മാക്സ് മുല്ലർ (Max Muller)

1845–ൽ പാരീസിൽ (Paris) വച്ചു സായനാചാര്യന്റെ (Sayana) വ്യാഖ്യാനസഹിതം ഋഗ്വേദം പകർത്തുകയായിരുന്നു. ഈസ്റ്റ് ഇൻഡ്യാ കമ്പനി (East India Company) യുടെ സ്വന്തം ചെലവിൽ അതിന്റെ ഒരു പതിപ്പു (Edition) പ്രസിദ്ധീകരിക്കണമെന്നു ടി. കമ്പനി അദ്ദേഹത്തോട് ആവശ്യപ്പെട്ടു. തദനുസരണം 1849–ൽ പ്രഥമ വാല്യം വെളിയിൽവന്നു. അതു മുഴുവന്റെയും പ്രസിദ്ധീകരണത്തിനു 20 കൊല്ലം വേണ്ടിവന്നു. ബെർലിനിൽ (Berlin) 1861–ൽ ഋഗ്വേദം റോമൻ ലിപികള

ളിൽ മുദ്രിതമായി. പ്രഫസ്സർ വിൽസൺ (Professor Wilson) തയ്യാറാക്കിയ അതിൻെറ ഒരു ഇംഗ്ലീഷ് വിവൎത്തനം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മുമ്പ് ബെനാറിസിലെ സംസ്കൃത കോളെജിൻെറ പ്രിൻസിപ്പാളായിരുന്ന മിസ്റ്റർ ആർ. ററി. എച്ച്. ഗ്രിഫിത്തിൻെറ (Griffith) ഒരു ഇംഗ്ലീഷ് വിവൎത്തനം നമുക്കു ലഭിച്ചിട്ടുണ്ട്. അതിൽ സായനാചാൎയ്യൻെറയും, മാക്സ് മുല്ലർ, (Max Muller) മൂയിർ (Muir) ആദിയായ പാശ്ചാത്യപണ്ഡിതന്മാരുടേയും (Western scholars) അഭിപ്രായങ്ങൾ കൊടുത്തിട്ടുണ്ട്. ഇദ്ദേഹം സാമവേദവും അഥൎവ്വവേദവും ഇംഗ്ലീഷിൽ തൎജ്ജമചെയ്തിട്ടുണ്ട്. ഇങ്ങനെ പലരുടെയും അശ്രാന്തപരിശ്രമത്തിൻെറ ഫലമായി പിൽക്കാലങ്ങളിൽ ശ്രുതി സ്മൃതി ഗ്രന്ഥങ്ങളുടെ വിവൎത്തനങ്ങൾ നമുക്കു ലബ്ധമായി.

## വേദങ്ങളുടെ പുരാതനത്വം

മോസെസിൻെറ (Moses) പഞ്ചഗ്രന്ഥി (Penteteuch) ഉദ്ദേശം 1447 ബി. സി. യിലാണ് (ലോകസൃഷ്ടിക്കുശേഷം 2553-ൽ — i. e, A. M, i. e, Anno mundi) എഴുതപ്പെട്ടത്. ഫറവോൻ രാജാവിൻെറ അടിമത്തത്തിൽ ഇസ്രായേൽ ജനത്തെ രക്ഷിക്കുന്നതിനു മോസെസ് ദൈവത്താൽ നിയുക്തനായശേഷമായിരിക്കണം പഞ്ചഗ്രന്ഥിയിലെ വിഷയങ്ങളുടെ വെളിപാട് അദ്ദേഹത്തിനുണ്ടായതു്. അടിമത്തത്തിൽനിന്നു രക്ഷിതരായ ജനങ്ങൾക്കു വാഗ്ദാനഭൂമിയായ കാനാൻ ദേശത്തു പ്രവേശിക്കുവാൻ 40 കൊല്ലം വേണ്ടിവന്നു. അതിനു മുമ്പെതന്നെ മോസെസ് മൃതിയടഞ്ഞു. (ആവൎത്തനം, അ. 31-ം 34-ം) അതിനാൽ, മോസെസിനുണ്ടായ വെളിപാട് ബി. സി. 1500 നു ശേഷമായിരിക്കണം. എന്നാൽ, ഋഗ്വേദത്തിൻെറ (സങ്കല്പിത=Supposed) വെളിപാട് ഉണ്ടായതു ബി. സി. 1500 ലാണ്. മാത്രമല്ല, അതിലെ ചില ഭാഗങ്ങളെങ്കിലും ബി. സി. 2000 നു മുമ്പ് ആവിഷ്കൃതമായി എന്നു പറയുന്നവരുണ്ട്. (Cfr. The Principal Religions of the world, pa. 187). പ്രകൃതത്തിൽ സ്വാമി വിവേകാനന്ദൻെറ (Swami Vivekananda) വാക്കുകൾ ശ്രദ്ധേയമാണ്. ഇദ്ദേഹം ലോകത്തിലെ വേദഗ്രന്ഥങ്ങളുടെ പുരാതനത്വത്തെപ്പററി ചൎച്ചചെയ്യുമ്പോൾ ഇങ്ങനെ പ്രസ്താവിക്കുന്നു. "വേദഗ്രന്ഥങ്ങളിലെല്ലാംവച്ചു ഏററവും പുരാതനമായതു് ഏതെന്നേതാണ്"

എന്നു ഒരു ഹൈന്ദവൻ സമത്ഥിക്കും." (Then will come the Hindu, and say my books are the oldest of all". (Jnana Yoga=ജ്ഞാനയോഗം-pa. 346). പക്ഷെ, ടി. പ്രസ്താവം സ്വീകാരയോഗ്യമല്ലെന്നു തോന്നുന്നു. എന്തെന്നാൽ, ചൈനാക്കാരുടെ-കൺഫ്യൂഷ്യൻ മതക്കാരുടെ (Confucians) ഗ്രന്ഥമായ "കിങ്ങ്സ്" (Kings) ഏതാണ്ടു് 2357 ബി. സി. യിൽ റോഹിൻെറ പൗത്രനായ ജോബാബിനാൽ (സൃഷ്ടി. അ. 10) മുഴുവനായും എഴുതപ്പെട്ടുവെന്നു ചരിത്രം പറയുന്നു. (The Principal Religions of the world, pp. 297—298) മുൻ പ്രസ്താവിച്ചതിൽനിന്നുള്ള ഒരു നിഗമനം—മോസെസിനുണ്ടായ വെളിപാടിനെക്കാൾ (Mosaic revelation) പുരാതനമായതു ഒരു സങ്കല്പം മാത്രമായ ഹൈന്ദവവെളിപാടാണെന്നു സമ്മതിച്ചാലും മാനവസമുദായത്തിൻെറ പിതാവായ ആദത്തിനുണ്ടായ വെളിപാടാണു് ആദിമ വെളിപാടു്. (Primitive revelation) ഇനി എഴുതപ്പെട്ട കാലത്തെപ്പററി പറകയാണെങ്കിൽ, നാം മുൻ കണ്ടതുപോലെ ചതുർവ്വേദങ്ങളിൽ ഒന്നുപോലും 600 ബി. സി. ക്കു മുമ്പു് എഴുതപ്പെട്ടിട്ടില്ല. പൊതുവായ അഭിപ്രായം ഏ. ഡി. ഒന്നാം നൂററാണ്ടിനു മുമ്പല്ലെന്നാണു്. എന്നാൽ മോസെസിൻെറ പഞ്ചഗ്രന്ഥി ഉദ്ദേശം 1447 ബി. സി. യിലാണു് എഴുതപ്പെട്ടതു്. ഇതിലും പുരാതനമാണു് ചൈനാക്കാരുടെ "കിങ്ങ്സ്" (Kings) ഗ്രന്ഥം.

## ബ്രാഹ്മണങ്ങൾ

ചതുർവ്വേദങ്ങൾ കഴിഞ്ഞാൽ രണ്ടാം സ്ഥാനം അർഹിക്കുന്നതു ബ്രാഹ്മണങ്ങളാണു് (Brahmana) ബ്രാഹ്മണം — (ധാതു:ബ്രഹ്, ബൃഹ്, വൃഹ്, എന്നെല്ലാമാണെന്നാണു് ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിമതം. ടി. ധാതുവിനു 'വലുതു്' എന്നത്ഥം അവർ നൽകുന്നു. അതിൽനിന്നു 'ബ്രഹ്മൻ' (വലുതു്, ദൈവം—ഏററവും വലുതായ 'സത്ത'), 'ബ്രാഹ്മണൻ' (വലിയവൻ, ദൈവത്തോടു് ബന്ധമുള്ളവൻ—ആചാര്യൻ—പുരോഹിതൻ -- എന്നീ ശബ്ദങ്ങൾ നിഷ്പന്നം ചെയ്യപ്പെട്ടു. ബ്രാഹ്മണങ്ങൾ ബ്രാഹ്മണന്മാരുടെ—പുരോഹിതന്മാരുടെ—കൃതികളാണു്. ദിവ്യകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ പുരോഹിതന്മാർ ഉപയോഗിക്കുന്ന മന്ത്രങ്ങളും, അനുഷ്ഠാനവിധികളും, വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ചില താത്വികവശങ്ങളും ഇവയിൽ അടങ്ങിയിരിക്കുന്നു. ഇവയുടെ ആവിർഭാവം ഏ

താണ്ട് 1000—600 ബി. സി. യിലാണെന്നു പണ്ഡിതന്മാർ പറയുന്നു. സംസ്കൃതഭാഷയിൽ ഗദ്യരൂപത്തിൽ രചിതങ്ങളായ ഇവയുടെ മൂലം വേദങ്ങൾതന്നെ.

---

## ആരണ്യകങ്ങൾ

ഗൃഹസ്ഥജീവിതം കഴിഞ്ഞു വാനപ്രസ്ഥരായിജീവിച്ചിരുന്നവക്കുവേണ്ടി ബ്രാഹ്മണങ്ങളുടെ അനുബന്ധമെന്നോണം പുരോഹിതന്മാർകൂട്ടിച്ചേർത്തകൃതികളാണു് "ആരണ്യകങ്ങൾ"(forest-lectures) ദൈവത്തേയും മനുഷ്യനേയും ലോകത്തേയും കുറിച്ചുള്ള പണ്ഡിതന്മാരുടെ ഭക്തിപരമായ വാക്യശകലങ്ങളാണു് ഇവയുടെ ഉള്ളടക്കം. ബലി മുതലായ ദിവ്യകമ്മങ്ങളെ ആദ്ധ്യാത്മികാത്ഥത്തിൽ മനസ്സിലാക്കി ധ്യാനിക്കുക എന്നതാണു് ഇവയിൽ പ്രകടിതമായിരിക്കുന്ന പ്രധാനോദ്ദേശ്യം.

## ഉപനിഷത്തുക്കൾ

(ഉപ=അരികെ + നി–താഴെ + സദ്=ഇരിക്കുക = താഴെ അരികെ ഇരിക്കുക=താഴെ (ഗുരുവിൻെറ) അരികെ (ശിഷ്യൻ) ഇരിക്കുക എന്നിങ്ങനെയാണു 'മാക്സ് മുല്ലർ' (Max Muller) കൊടുക്കുന്ന വാച്യാത്ഥം(literal meaning)സന്ധിനിയമപ്രകാരം ടി ശബ്ദത്തിൽ 'ഷ' 'സ'യുടെ സ്ഥാനത്തു'ആദേശമാണു' (substitute) ഈ അത്ഥത്തിൽ എടുക്കുമ്പോൾ, 'താഴെ ഗുരുവിനരികെ ഇരിക്കുന്ന ശിഷ്യഗണം' എന്നു വിവക്ഷിക്കാം. എന്നാൽ ഗുരു സ്വശിഷ്യഗണത്തിനു നൽകിയ പ്രബോധങ്ങളുടെ സമുച്ചയമാണു് "ഉപനിഷത്തു" എന്നു ഇവിടെ വിളിക്കുന്നതു്. ഹൈന്ദവപണ്ഡിതന്മാരാകട്ടെ, 'സദ്' ധാതു സ്വീകരിക്കുന്നെങ്കിലും ടി ശബ്ദത്തിനു വേറൊരു അത്ഥമാണു കല്പിക്കുന്നതു്. "സംസാര"ത്തിൻെറ അഥവാ പുനജ്ജന്മത്തിൻെറ="ജനനമരണ"ങ്ങളുടെ ആവത്തനഹേതുവായ "അജ്ഞാന (Ignorance) ത്തിൻെറ ദൂരീകരണം എന്നവർ മനസ്സിലാക്കുന്നു. അതു സാധിക്കുന്നതു "ബ്രഹ്മജ്ഞാനം" മൂലമാ



...HAKMARAM COLLEGE LIBRARY

ണ്. അതിനാൽ "ജ്ഞാന"മെന്നൎത്ഥം അവർ അതിനു കൊടുക്കുന്നു. "സമീപനം" (approaching) എന്നുംകൂടി അൎത്ഥവിവക്ഷയുണ്ടു്; ബ്രഹ്മത്തെ സമീപിക്കുന്നതിനു പൎയ്യാപ്തമായ "ജ്ഞാനം" എന്നു ചുരുക്കം. ഈ ചിന്താഗതിയനുസരിച്ചു "രഹസ്യജ്ഞാനം", (secret knowledge) എന്നും, "യഥാൎത്ഥജ്ഞാനം" (true knowledge) എന്നും വിവക്ഷിക്കാമെന്നാണ് അവരുടെ പണ്ഡിതോചിതമായ അഭിമതം. ടി. ത്രിവിധാഭിപ്രായങ്ങൾ ചുവടെ പദ്യരൂപത്തിൽ ചേൎക്കുന്നു:—

1) ഉപനീയതമാത്മാനം ബ്രഹ്മാപാസ്തദ്വയം തതഃ
നിഹന്ത്യ വിദ്യാം തജ്ജംചതസ്മാദുപനിഷദ് ഭവേത്.

2) നിഹത്യാനൎത്ഥമൂലം സ്വാവിദ്യാം പ്രത്യക്തയാപരം:
നയത്യപാസ്തസംഭേദമതോ വോപനിഷദ് ഭവേത്.

3) പ്രവൃത്തിഹേതൂന്നി: ശേഷാസ്തന്മൂലോ ച്ഛേദകത്വതഃ
യതോവസാദയേദ്വിദ്യാം തസ്മാദുപനിഷദ് ഭവേത്.

(Cfr. V. S. Apte M. A's Skt. Eng. Dict. pa. 111; Isha Upanishadi Minor Upanishads; Vedantic Cosmogony, pa. VI, No. I)

## വേദാന്തം

ഉപനിഷത്തുക്കൾക്ക് "വേദാന്തം" എന്നുംകൂടി പേരുണ്ടു്. ഈ ശബ്ദത്തിനു 'വേദത്തിന്റെ അന്തം' (വേദം + അന്തം) എന്നാണ് വാച്യാൎത്ഥം. കാലക്രമമനുസരിച്ചു വേദങ്ങൾക്കുശേഷം ഇതു ആവിർഭവിച്ചതുകൊണ്ടും അവയുടെ പരമവും അവസാനവുമായ ലക്ഷ്യവും ഉദ്ദേശ്യവും ഇതിൽ ഉൾക്കൊള്ളുന്നതുകൊണ്ടുമാണ് ഈ പേർ സിദ്ധിച്ചതു്.

## ഉള്ളടക്കം

വേദാന്തം—ഉപനിഷത്തുക്കൾ—തത്വശാസ്ത്ര കൃതികളായി പരിഗണിക്കപ്പെടുന്നു. പ്രപഞ്ചത്തെയും, ജീവാത്മാവിനെയും

പരമാത്മാവിനെയും, കാൎയ്യകാരണ ബന്ധത്തെയും, പുനൎജ്ജന്മത്തെയും അതിൻെറ കാരണമായ 'അജ്ഞാന' (ignorance) ത്തെയും, മുക്തിയെയും, വിശിഷ്യ, "ബ്രഹ്മാത്മൈക്യത്തെയും, (Brahmatman—identity) അഥവാ "ബ്രഹ്മാത്മൈക്യ സാക്ഷാത്കാര"ത്തെയും (Attainment of Brahmatmen—identity) പററിയുള്ള താത്വികമായ പ്രതിപാദനമാണ് വേദാന്തവിഷയം. ഇങ്ങനെ, സങ്കചിതാൎത്ഥത്തിൽ (strict sense) വേദാന്തം ഒരു തത്വശാസ്ത്രഗ്രന്ഥമാണെങ്കിലും, വ്യാപകാൎത്ഥത്തിൽ (broad sense) 'ശ്രുതി-സ്മൃതി'(Sruti—Smriti) ഗ്രന്ഥങ്ങളെല്ലാംതന്നെ അതിൽ ഉൾപ്പെടുന്നുണ്ട്. പണ്ട് വേദാന്തം രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. "പൂൎവ്വമീമാംസ" അഥവാ "കൎമ്മമീമാംസ" എന്നും, "ഉത്തരമീമാംസ" എന്നുമാണ് അതു രണ്ടും. "മീമാംസ"ശബ്ദത്തിനു 'അന്വേഷണം' (Investigation—Inquiry)—ബ്രഹ്മാവിൻെറയും ഇതര വിഷയങ്ങളുടെയും സ്വഭാവത്തെപ്പററി താത്വികമായി ചൎച്ചചെയ്യുക—എന്നാണൎത്ഥം. പൂൎവ്വമീമാംസയുടെയും ഉത്തരമീമാംസയുടെയും ഗ്രന്ഥകൎത്താക്കൾ ക്രമാനുസരണം 'ജൈമിനിയും' (Jaimini) 'ബാദരായണ'നുമാണ്. ഇവ രണ്ടും സ്വഭാവത്തിൽ വ്യത്യസ്തങ്ങളാണ്. പൂൎവ്വമീമാംസ വേദത്തിലെ 'കൎമ്മകാണ്ഡ' (Ritual) ത്തിൻെറ ശരിയായ വ്യാഖ്യാനവും സംശയഗ്രസ്തങ്ങളായ വേദവാക്യങ്ങളുടെ അൎത്ഥനിൎണ്ണയവും നൽകുന്നു. ഉത്തരമീമാംസയാകട്ടെ പരബ്രഹ്മത്തിൻെറയും മററും സ്വഭാവത്തെപ്പററി പ്രതിപാദിക്കുന്നു. ഈ വ്യത്യാസത്തിൽ പൂൎവ്വമീമാംസ സാധാരണമായി വെറം 'മീമാംസ' എന്നും ഉത്തരമീമാംസ 'വേദാന്ത'മെന്നും പേർ വിളിക്കപ്പെടുന്നു. ഇവ രണ്ടിൻെറയും രചനാകാലം ഏതാണ്ട് 200 ബി. സി. ആണ്.(Skt. Eng. Dict By V. S. Apte M. A.)

## ശ്രുതിഗ്രന്ഥങ്ങളുടെ വിഭജനവും എണ്ണവും

| സംഹിത | ബ്രാഹ്മണ | ആരണ്യകം | ഉപനിഷത്തു് |
|---|---|---|---|
| 1. ഋഗ്വേദം | ഐതരേയം<br>കൗശിതകി<br>പൈംഗി<br>ശന്തയാനം | ഐതരേയം<br>കൗശിതകി | ഐതരേയം<br>കൗശിതകി |
| 2 എ. കൃഷ്ണയജ്ജുർവേദം | തൈത്തിരീയം<br>ബല്ലവി<br>സത്യയാനി<br>മൈത്രയാനി<br>കഠം | തൈത്തിരീയം | തൈത്തിരീയം<br>കഠം<br>ശ്വേതാശ്വതരം<br>നാരായണം |
| 2 ബി. ശുക്ലയജ്ജുർവേദം | ശതപഥം | ശതപഥം | ഈശം<br>ബൃഹദാരണ്യകം |

| | | | |
|---|---|---|---|
| 3. സാമവേദം | സാമവിധനം<br>മന്ത്രം<br>അർശേയ്യം<br>വംശം<br>ദൈവതദ്ധ്യായം<br>തലവകരം<br>താണ്ഡവം<br>സംഹിതോപനിഷത്ത്<br>ബ്രാഹ്മണം | | ജബലം<br>കേന<br>ഛാന്ദോക്യം |
| 4. അഥർവ്വവേദം | ഗോപഥം<br>ബ്രാഹ്മണം | | മുണ്ഡകം<br>മാണ്ഡൂക്യം<br>പ്രശ്നം |

ഇങ്ങനെ 42 ശ്രുതിഗ്രന്ഥങ്ങളുണ്ട്. ഇവയിൽ "ഉപനിഷത്താ"ണ് (വേദാന്തം) പ്രഥമസ്ഥാനം അർഹിക്കുന്നത്. ഇപ്പോൾ ഉദ്ദേശം 108 ഉപനിഷത്തുകൾ പ്രചാരത്തിലുണ്ടെങ്കിലും അവയിൽ 14 എണ്ണം മാത്രമേ ശങ്കരാചാര്യസ്വാമി അവർകൾ സ്വീകരിച്ചതായി അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്നുള്ളൂ, 14-ൽ പ്രധാനമായവ ഇവയാകുന്നു:—

"ഈശകേനകഠപ്രശ്ന—മുണ്ഡമാണ്ഡൂക്യ തിത്തിരാ,
ഐതരേയം ഛാന്ദോക്യം—ബൃഹദാരണ്യകം തഥാ"

("ഈശ ഉപനിഷത്ത്"—മുഖവുര കാണുക.)

'സ്മൃതി'ശബ്ദം 'സ്മൃ=സ്മരിക്കുക എന്ന സംസ്കൃതധാതുവിൽ നിന്നാണ് നിഷ്പന്നമായിട്ടുള്ളതു്. ഇതിന്റെ ആവിർഭാവ കാലദശയിൽ 'സ്മരണ'യിൽ മാത്രം (എഴുതപ്പെടാതെ) ഇതു നിലനിന്നിരുന്നതുമൂലം 'സ്മൃതി' (Remembrance) എന്ന പേർ പറയപ്പെട്ടു. പരമ്പരാഗതമായ തലമുറകൾക്കു ലഭിച്ചതു മുഖാന്തരം "പാരമ്പര്യം" (Tradition) എന്ന സംജ്ഞ ഇതിനു് സംസിദ്ധമായി. ഇതു് 'ശ്രുതി'പോലെ വിലയുള്ളതല്ലെങ്കിലും, ഏതാണ്ടു് 'അർദ്ധദൈവിക' (Semi-divine) മായി ഹൈന്ദവർ ഇതിനെ പരിഗണിക്കുന്നു. ഉദ്ദേശം 500 ബി. സി—800 എ. ഡി. വരെയുള്ള കാലയളവിലാണ് 'സ്മൃതി'ഗ്രന്ഥങ്ങൾ ആവിർഭവിച്ചതു്. ഇവ മുഖ്യമായി താഴെ പറയുന്നവയാണ്.

## I ഷഡ്ദർശനങ്ങൾ (Six systems of philosophy)

തത്വശാസ്ത്രഗ്രന്ഥങ്ങളായ ഉപനിഷത്തുകളിൽ ക്രമമായും, ഭംഗിയായും കൃത്യമായും ഒരു സിദ്ധാന്തവും (System) പ്രതിപാദിക്കപ്പെട്ടിരുന്നില്ല. ഇക്കാരണത്താൽ ചിലർ ഉപനിഷത്തുകൾ ക്രമീകരിക്കാൻ തുടങ്ങി. അങ്ങനെ ക്രമീകൃതമായ ആറ് തത്വശാസ്ത്ര സിദ്ധാന്തങ്ങളാണ് 'ഷഡ്ദർശന'ങ്ങൾ. ഇവയുടെ ആവിർഭാവം ഉദ്ദേശം 500-200 ബി. സി. യിലാണ്. ഇവയുടെ പേരുകളും കാരണഭൂതന്മാരും:—

1. ഗൗതമന്റെ ന്യായം (Nyaya of Gautama or Gotama)
2. കണാദന്റെ വൈശേഷികം (Vaisheshika of Kanada).
3. കപിലന്റെ സാംഖ്യം Sankya of Kapila).
4. പതഞ്ജലിയുടെ യോഗം (Yoga of Patamjali).
5. ജൈമിനിയുടെ മീമാംസ (Mimamsa of Jaimini).
6. ബാദരായണന്റെ വേദാന്തം (Vedanta of Badarayana)

ഇവയാണ് സാർവ്വത്രികമായി സ്വീകൃതങ്ങളായിരിക്കുന്ന 'ശരിയായ സിദ്ധാന്തങ്ങൾ' (Orthodox). വേദങ്ങളിൽ അധിഷ്ഠിതങ്ങളായതുകൊണ്ടു് ഇവ 'ശരിയായ സിദ്ധാന്തങ്ങൾ' (Orthodox) എന്നു പറയപ്പെടുന്നു.

## എതിർ സിദ്ധാന്തങ്ങൾ (Heterodox systems)

പ്രസ്തുത ലക്ഷണമില്ലാത്ത വേറെയും ചില സിദ്ധാന്തങ്ങളുണ്ടു്.

1. ചാർവ്വാകം (Materialism) ബൃഹസ്പതിയുടെ ശിഷ്യനായി വിചാരിക്കപ്പെടുന്ന ഒരു തത്വജ്ഞന്റെ സിദ്ധാന്തം. പദാർത്ഥം മാത്രമെ ഉള്ളു എന്ന സിദ്ധാന്തം.

2. ശൈവം—ശൈവന്മാരുടെ ഒരു സിദ്ധാന്തം.

3. പാശുപതം—പശു (=കന്നുകാലി, മൃഗം, സൃഷ്ടവസ്തു) +പതി (=നാഥൻ, ഈശ്വരൻ)=പശുപതിയാണു്. ശിവൻ സർവ്വശക്തനായ ഈശ്വരനാണെന്നും മനുഷ്യർ പശുക്കളാണെന്നും അവക്കു മുക്തിവരുമ്പോൾ പശുപതിയായ ഈശ്വരന്റെ ഗുണങ്ങൾ അവരിൽ സംക്രമിക്കുമെന്നുമാണു് പശുപതി എന്ന തത്വജ്ഞന്റെ സിദ്ധാന്തം.

4. രസേശ്വര—രസേന്ദ്രസിദ്ധാന്തം (=രസേന്ദ്രൻ=ഒരാകാശഗോളമായ"ബുധൻ". യുദ്ധവർഷങ്ങളുടെ ദേവനാണു് 'ബുധൻ–ഇന്ദ്രൻ' (Rig-Ved. I. 32). റോമാക്കാരുടെയിടയിൽ 'മെക്കുറി' (Mercury) എന്ന പേരിൽ അറിയപ്പെടുന്ന ദേവൻ സർവ്വശക്തനായ (Supreme God) 'ജൂപ്പിററിന്റെ' (Jupiter or Jove) ഒരു ദൂതനാണു്. ഇവരുടെ 'യുദ്ധദേവൻ' (War-God) 'മാർസ്" (Mars) ആണു്. മാർസിന്റെ സ്ഥാനത്തു ഹൈന്ദവക്കു 'ചൊവ്വ' ആണു്. പ്രസ്തുത സിദ്ധാന്തത്തിന്റെ ഉദ്ദേശ്യം 'ഇന്ദ്ര'—'ബുധ'ദേവനെ (Mercury) പ്പററി പ്രതിപാദിക്കുക എന്നതാണു്. മുൻകാണിച്ച 'താരതമ്യ' (Comparison) ത്തിൽ നിന്നു സ്വതേ പ്രസ്പഷ്ടമാകുന്നതുപോലെ ഇതിനു 'മർക്കുറിയൽ സിദ്ധാന്തം' (Mercurial system) എന്നുംകൂടി പേരുണ്ടു്.

5. പാണിനീയം—ഉദ്ദേശം ബി. സി. 4–ാം ശതാബ്ദത്തിൽ (Salatura) സാലാതുര എന്ന സ്ഥലത്തു് ജീവിച്ചിരുന്ന മഹാനായ പാണിനിയുടെ പ്രസിദ്ധ വ്യാകരണശാസ്ത്രഗ്രന്ഥമാണു് ഇതു്. ടി വൈയാകരണൻ സംസ്കൃത 'ശബ്ദശാസ്ത്രവും' (Phonology) വ്യാക

രണശാസ്ത്ര വിധികളും ശിവദേവനിൽനിന്നുതന്നെ നേരിട്ടു ഗ്രഹിച്ചുവെന്നാണ് ഐതിഹ്യം. ടി വിധികൾ പദ്യരൂപത്തിൽ 'സൂത്രങ്ങളായി' (Sutras=സൂത്രം=ചരട്)—വാക്യശകലങ്ങളായി—കൊടുത്തിരിക്കുന്നു. "അഷ്ടാധ്യായി" (എട്ട് അധ്യായങ്ങളുള്ള) എന്ന അപരനാമത്താൽ ഇതു് അറിയപ്പെടുന്നു.

6. ശക്തി—ഓരോ ദേവൻെറയും 'ക്രിയാശക്തി' (Active power) അതതിൻെറ ഭാൎയ്യയായും, പിന്നീട് ദേവിയായും പരിഗണിക്കപ്പെടുന്ന ഒന്നാണ് 'ശക്തി'. ത്രിമൂൎത്തികളായ ബ്രഹ്മാ വിഷ്ണു ശിവന്മാരുടെ 'ശക്തി'കളായ—ഭാൎയ്യമാരായ—'സരസ്വതി', 'ലക്ഷ്മി', 'പാൎവ്വതി', ദേവികളെ വിശേഷവിധിയായി ഭജിക്കുന്ന ഒരു കൂട്ടരാണ് 'ശാക്ത'ന്മാർ. അശ്ലീലങ്ങളായ വിഷയങ്ങളുംകൂടി ഉൾക്കൊള്ളുന്ന ഇവരുടെ ആരാധനക്രമങ്ങളാണ് "ആഗമ"ങ്ങളും (Agamas)"തന്ത്ര"ങ്ങളും (Tantras). (Cfr. Popular Hinduism; Skt. Eng. Dict. by V. S. Apte, M. A.)

## II രാമായണം Ramayana

ഇതൊരു സമസ്തപദമാണ് (Compound word—രാമ:+അയനം=ചരിതം=സഞ്ചാരം. വിശിഷ്യ ഇവിടെ അദ്ധ്വാനപരവും ആപൽക്കരവുമായ സഞ്ചാരം എന്നൎത്ഥം). "ദശാനനൻ"(Ten-headed) എന്നു വിളിക്കപ്പെടുന്ന ലങ്കാരാജാവായ രാവണനാൽ അപഹൃതയായ സ്വഭാൎയ്യ സീതയെ അന്വേഷിച്ചുപോയ രാമൻെറ സുദീൎഘവും ക്ലേശകരവുമായ യാത്രാവിവരണങ്ങളാണ് (Adventures of Rama) രാമായണത്തിൻെറ ഉള്ളടക്കം. ഇതു സംഭവിച്ചതു് 1400 ബി. സി. യിലാണെന്നു വിചാരിക്കപ്പെടുന്നു. ഏഴു പുസ്തകങ്ങളിലായി 24000 ശ്ലോകങ്ങൾ (Verses) ഇതിലുണ്ട്. ഉദ്ദേശം ബി. സി. 4–ാം ശതാബ്ദത്തിലാണ് വാല്മീകി (Valmiki) മഹൎഷി ഇതു രചിച്ചതു്. ഇതിലെ സംഗതികളെല്ലാം ചരിത്രസംഭവങ്ങളൊ, അക്ഷരാൎത്ഥത്തിൽത്തന്നെ മനസ്സിലാക്കേണ്ടതോ അല്ലെന്നാണ് നിരീക്ഷണപടുക്കൾ പ്രസ്താവിക്കുന്നതു്. എന്തെന്നാൽ, ഇതിലെ 'വാനര'ന്മാർ സ്ഥലത്തെ "മ്ലേച്ഛവൎഗ്ഗ"ക്കാർ—കാട്ടാളജാതിക്കാർ—ആണ്. "സുഗ്രീവൻ" ഒരു ധൈൎയ്യശാലിയായ സേനാനായകനെ കുറിക്കുന്നു. (Monier Williams)

## III മഹാഭാരതം (Mahabharata)

ദുഷ്യന്തന്റെയും (Dushyanta) ശകുന്തളയുടെയും (Shakuntala) മകനായ ഭരത (Bharata) രാജാവിന്റെ രാജ്യം—ഇന്നത്തെ ഇന്ത്യ—പണ്ടു ഭാരതമെന്നു (Bharata) വിളിക്കപ്പെട്ടിരുന്നു.

വിചിത്രവീര്യന്റെ വിധവകളിൽ ഒരാളിൽനിന്നു വ്യാസ മഹർഷിക്കു ധൃതരാഷ്ട്രനും വേറൊരാളിൽനിന്നു പാണ്ഡുവും എന്നീ പുത്രന്മാർ ജനിച്ചു. ധൃതരാഷ്ട്രർ ജ്യേഷ്ഠപുത്രനായിരുന്നെങ്കിലും ജന്മഷാന്ധനായിരുന്നതിനാൽ രാജ്യഭരണം പാണ്ഡുവിനു ലഭിച്ചു. എന്നാൽ പാണ്ഡു അതുപേക്ഷിച്ചു വനവാസത്തിനു പോയതിനാൽ ധൃതരാഷ്ട്രർ സ്വജ്യേഷ്ഠപുത്രനായ ദുര്യോധനനെ ടി. രാജ്യഭാരം വഹിക്കാൻ ചുമതലപ്പെടുത്തി. ഒരവസരത്തിൽ ചൂതുകളിയിൽ ദുര്യോധനാദികളുടെ (ഇവർ 101 പേരാണ്) ചതിപ്രയോഗംമൂലം പാണ്ഡവന്മാർ പരാജിതരാകുകയും തദ്ഫലമായി പന്ത്രണ്ടു വർഷം വനവാസവും ഒരു വർഷം അജ്ഞാതവാസവും കഴിക്കേണ്ടിവന്നു. അനന്തരം പാണ്ഡവന്മാർ തിരിച്ചുവന്നു തങ്ങൾക്കു നഷ്ടപ്പെട്ടുപോയ രാജ്യം തിരികെ തരണമെന്നു ആവശ്യപ്പെട്ടു. ആ അവകാശവാദം മഹാഭാരതയുദ്ധത്തിനു കാരണമായി ഭവിച്ചു. 'കുരുക്ഷേത്ര'മായിരുന്നു യുദ്ധരംഗം. ഗംഗാനദിയുടെ പാർശ്വങ്ങൾക്കു (ഇന്നത്തെ ഡൽഹിപ്രാന്തങ്ങൾ) 'കുരു'രാജ്യം എന്നും പേരുണ്ടായിരുന്നു. തദ്ദേശവാസികളായ ദുര്യോധനാദികൾ കൗരവന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഈ ഇരുകക്ഷികളും തമ്മിൽ ഉദ്ദേശം 1400 ബി. സി. യിൽ നടന്ന ഭയങ്കര യുദ്ധവിവരണമാണ് മഹാഭാരതത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വിഷയം. ഈ വിവരണത്തോടുകൂടി അന്നത്തെ രാഷ്ട്രീയവും, സാമുദായികവും,മതപരവും,ധാർമ്മികവുമായ നിലയും അതിന്റെ സാഹചര്യങ്ങളും അതിൽ കാണാം. ഇങ്ങനെ അനവധി വിഷയങ്ങളുടെ ഒരു സഞ്ചയമാണു അതു് എന്നു പറയാം. പല പുരാണങ്ങളുടെ മൂലവും അതുതന്നെ. വേദങ്ങൾ വായിച്ചറിയുന്നതിനും പഠിക്കുന്നതിനും കഴിവില്ലാതെയിരുന്ന ശൂദ്രർക്കും ഇതര അധഃകൃതർക്കും മഹാഭാരതം ഒരു 'വേദ'മായി പരിഗണിക്കാമെന്നു സർ രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതൊരു 'അഞ്ചാം' വേദമാണ്. (Indian philosophy, vol. I pa. 482) പ്രസിദ്ധ വേദവ്യാഖ്യാതാവായ സായനാചാര്യനും ഏതാണ്ടു് അപ്ര

കാരംതന്നെയാണ് പ്രസ്താവിക്കുന്നതു്. 220000 ശ്ലോകങ്ങളുള്ള 18 പർവ്വങ്ങളുടെ(പുസ്തകങ്ങളുടെ)ഒരു സഞ്ചയമാണ് മഹാഭാരതം. ഇത്രയും ബൃഹത്തായ ഒരു കാവ്യം (Poem) വേറൊന്നില്ലെന്നാണ് ചരിത്രകാരന്മാരുടെ അഭിമതം. (Cfr. Thomson's Indian hist. pa. 13) ഇതിലെ വിവിധ പർവ്വങ്ങളെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇതു് വ്യാസമഹർഷിയാൽ മാത്രമല്ല, വേറെ പലരാലും പല ഘട്ടങ്ങളിലായി വിരചിതമായതാണെന്നു നമുക്കു ഗ്രഹിക്കാം. ഉദ്ദേശം 300 ബി. സി. യിലാണ് ഇതിലെ ആദിമ പർവ്വങ്ങൾ വ്യാസൻ രചിച്ചതു്. നിരീക്ഷണപരമായി (Critically) ടി ഗ്രന്ഥം പരിചിന്തനം ചെയ്യപ്പെട്ടപ്പോൾ അതിലെ പ്രസ്താവിത സംഗതികളെല്ലാം ചരിത്രസംഭവങ്ങളല്ലെന്നു സുസ്പഷ്ടമാകും. കവി പ്രവീണന്മാരുടെ അനിതരസാധാരണമായ ഭാവനാശക്തിയുടെ ഒരു പ്രതിബിംബനമാണ് ഇതിലെ ഭൂരി ഭാഗവും. അതിനാൽ, ഇതൊരു "റോമാൻറിക്ക് പോയെം" (Romantic poem) ആണെന്നു പറയാം. ഗ്രീക്കുഭാഷയിലെ രണ്ടു മഹാ 'ഇതിഹാസ'ങ്ങളായ (Epics) "ഇല്യഡി"നും (Iliad) "ഒഡീസ്സി"ക്കും (Odyssey) തുല്യം സംസ്കൃതഭാഷയിലെ രണ്ടു മഹാ 'ഇതിഹാസ'ങ്ങളാണ് "രാമായണ"വും "മഹാഭാരത"വും. "ഇതിഹാസം" (Itihasa—ഇതി=എന്നു, അപ്രകാരം; + ഹാസം = ഹ = പ്രസിദ്ധം = Known, handed over = പാരമ്പര്യോപദേശം, പുരാതനചരിത്രം, പുരാവൃത്തം = Thus it is known or handed over. Cfr. ശബ്ദതാരാവലി നിഘണ്ടു്) എന്നതു് വീരന്മാരെക്കുറിച്ചുള്ള വെറും കഥകളോ, പരമ്പരാഗതമായ കഥകളോ ഉൾക്കൊള്ളുന്ന ഒരു ചരിത്രമാണ്. (An heroic history either legendary or traditional. Cfr. V. S. Apte's Sks. Eng. Dict.) "ഇല്യഡ്" (Iliad) — ഇതൊരു ഗ്രീക്കുശബ്ദമാണ്. ഇതിൻെറ മൂലമായ 'ഇലിഓൻ' (Ilion) ഗ്രീസിലെ 'ട്രോയി' (Troy) നഗരത്തെ കുറിക്കുന്നു. മഹാ ഗ്രീക്കു കവിയായ 'ഹോമെർ' (Homer) രചിച്ച ആ ട്രോയിനഗരത്തിൻെറ നിരോധന (Siege) വിവരണമാണ് "ഇല്യഡ്". "ഒഡീസി" (Odyssey) എന്ന ഇതിഹാസമാകട്ടെ വലയംചെയ്യപ്പെട്ട പ്രസ്തുത നഗരത്തിൽനിന്നുള്ള 'ഒഡീസ്യസിൻെറ' (Odysseus) അഥവാ, 'ഉളീസിസിൻെറ'(Ulysses) പ്രത്യാഗമനത്തെപ്പററി പ്രതിപാദിക്കുന്നു.

## IV സൂത്രങ്ങൾ

(Sutras—സൂത്ര: = ചരട്, നൂൽ—Thread)—ഇവ വിവിധവിഷയങ്ങളെക്കുറിച്ചുള്ള 'തത്വശകല'ങ്ങളാണ് (Short maxims or rules). 500 ബി. സി. മുതൽ 200 ഏ. ഡി. വരെയുള്ള കാലയളവിൽ ഇവ രചിതമായി.

## V ധർമ്മശാസ്ത്രങ്ങൾ

(Dharmasastras) 200 ബി. സി—500 ഏ. ഡി. എന്നീ കാലഘട്ടത്തിൽ വിരചിതമായ ഇവയിൽ അടങ്ങിയിരിക്കുന്നതു് പ്രധാനമായി 'ധാർമ്മികതത്വ'ങ്ങളാണ് (Ethical principles).

## VI മനുസ്മൃതി—മാനവധർമ്മശാസ്ത്രം

(Manusmriti or Manava Dharmasastras) ഇന്തൊ-ആര്യൻ ജനതയുടെ കുടുംബപരവും സാമുദായികവുമായ നിയമങ്ങളാണ് ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. 'സ്വായംഭുവമനു' (Self—existent Manu) എന്നു സങ്കല്പിക്കപ്പെടുന്ന ഒരു 'മനു'വിൽനിന്നാണത്രെ ടി. നിയമസംഹിതയുടെ ആവിർഭാവം. അതിനാൽ 'മനുസ്മൃതി' എന്നു അതു വിളിക്കപ്പെടുന്നു. അതിന്റെ രചനകാലം ബി. സി. 200 ന്റെയും ഏ. ഡി 200 ന്റെയും ഇടയ്ക്കാണെന്നു ചരിത്രം സാക്ഷിക്കുന്നു.

## VII ഭഗവദ്ഗീത

(Bhagavad gita—ഭഗം = വിശേഷണം, ലക്ഷണം + വത് = ഉള്ളവൻ + ഗീത = ഭഗഗുണങ്ങളുള്ളവന്റെ ഗീത, അഥവാ, പ്രഭാഷണം) ഭഗഗുണങ്ങൾ—ഷഡ്ഗുണങ്ങൾ—ആറ് ഗുണങ്ങൾ (Six glorious attributes) ഇവയാകുന്നു: 1) ഐശ്വര്യം (ഭരിക്കുന്നവൻ എന്നുള്ള നില = Sovereignty), 2) വീര്യം (പ്രതാപം = Splendour), 3) യശസ് (= Glory), 4) ശ്രീ (= Majesty), 5) വൈരാഗ്യം (വികാരരാഹിത്യം = Dispassion or Detachment from worldly profit), 6) വിജ്ഞാനം (Discrimina-, tion or Omniscience). ഈ ഷഡ്ഗുണങ്ങളുള്ളവൻ ഒരു 'ദേവ'

നാണ്. ഇവിടത്തെ ഭഗവത്—ഭഗവാൻ—ശ്രീകൃഷ്ണനാണ്. ('ഭഗവത്' ശബ്ദം മൂലവും, 'ഭഗവാൻ'ശബ്ദം പ്രഥമ വിഭക്തിയുമാണ്). മഹാഭാരതത്തിലെ "ഭീഷ്മപർവ്വ"ത്തിൽ കാണുന്നതും 18 അദ്ധ്യായങ്ങളോടുകൂടിയതുമായ ടി. "ഗീത" 'മഹാഭാരത'യുദ്ധത്തിന്റെ തലേദിവസം യുദ്ധരംഗമായ 'കുരുക്ഷേത്ര'ത്തിൽവച്ചു ശ്രീകൃഷ്ണനും അർജ്ജുനനും തമ്മിൽ നടന്ന സംഭാഷണമാണെന്ന് ഹൈന്ദവപാരമ്പര്യം ഉദ്ഘോഷിക്കുന്നു. പക്ഷേ, കൃഷ്ണൻ ഒരു അവതാരമല്ലെന്നും അങ്ങനെ അദ്ദേഹം ഒരു വാദം സ്വയം പുറപ്പെടുവിച്ചിട്ടില്ലെന്നുള്ളതാണു സത്യമെന്നും ഇതിനു വിപരീതമായി കാണുന്ന രേഖകളും സാക്ഷ്യങ്ങളും വെറും കെട്ടുകഥകളും സങ്കല്പങ്ങളുമാണെന്നും (Mere fables and myths) പണ്ഡിതന്മാരായ ചരിത്രമീമാംസകന്മാർ (Historical Critics) ശക്തിമത്തായി വാദിക്കുന്നു. കൂടാതെ, മഹായുദ്ധത്തിന്റെ തലേദിവസം ഇരുകക്ഷികളും വീറോടും വീര്യത്തോടുംകൂടി യുദ്ധക്കളത്തിൽ വ്യൂഢരായി നിൽക്കുന്ന (In battle array) അവസരത്തിൽ വളരെ താത്വികമായ ഒരു 'ദ്വിഭാഷണം' (Dialogue) നടത്തുക അസാദ്ധ്യമെന്നാണ് പണ്ഡിതാഭിമതം. (Mr. Talboys Wheeler) വിശിഷ്യ, ഗീതയിൽ ആറാറ് അദ്ധ്യായങ്ങളിലായി കർമ്മം, ഉപാസനം (ഭക്തി) ജ്ഞാനം, അഥവാ കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം (ഈ ത്രിവിധമാർഗ്ഗേണ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഐക്യം—യോഗം എന്നർത്ഥം) എന്നീ മൂന്നു യോഗാഭ്യാസങ്ങളെപ്പററി വളരെ താത്വികമായി പ്രതിപാദിക്കപ്പെടുന്നതുകൊണ്ടും, പുതിയ ക്രൈസ്തവ ബൈബിളിൽ (പുതിയ നിയമം—N. Testament) പ്രത്യേകിച്ച് വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ക്രിസ്തുവിന്റെ ദൈവത്വത്തെയും ഇതര ദൈവികഗുണവിശേഷങ്ങളെയും കുറിക്കുന്ന വാക്യങ്ങളും, വാക്യശകലങ്ങളും, വാക്കുകൾപോലും ഏതാണ്ട് അതേപടിതന്നെ അതിൽ കാണുന്നതുകൊണ്ടും മുൻപ്രസ്താവിച്ചതുപോലെ ബി. സി. യിലല്ല ഗീത രചിതമായതു്; പ്രത്യുത, ഉദ്ദേശം 200 എ. ഡി. യിൽ (എന്നുവച്ചാൽ, "പുതിയനിയമം" വായിക്കുകയോ, അല്ലെങ്കിൽ അതിലെ ആശയങ്ങൾ എങ്ങനെയെങ്കിലും മനസ്സിലാക്കുകയോ ചെയ്തശേഷം) ആരോ അതു് എഴുതി മഹാഭാരതമദ്ധ്യേ കുത്തിച്ചേർത്തതായിരിക്കണമെന്നു ചരിത്ര നിരീക്ഷണംചെയ്യുന്നവരുടെയിടയിൽ ഒരഭിപ്രായമുണ്ട്. ഗീതയിൽ മഹാ താത്വികവിഷയങ്ങൾ താത്വികമായി ചർച്ചചെ

യപ്പെടുന്നതിനാൽ അതൊരു 'ഉപനിഷത്തു', അഥവ, തത്വശാസ്ത്രഗ്രന്ഥമെന്നോ, 'വേദാന്ത'മെന്നോ പറയപ്പെടുന്നു. മാത്രമല്ല, വേദങ്ങൾ വായിക്കാനും അറിയാനും കഴിവില്ലാത്തവക്കുള്ള "പുതിയ നിയമം" (N. Testament) എന്നും "സുവിശേഷം" (Laymen's Gospel) എന്നും അതിനു പേരുണ്ട്. (Cfr. Light of the East series, No. 3, and Vedantic Cosmogony, pt. I, pp. VI--VII) ഗീതയ്ക്കു അത്രയും പ്രാധാന്യം ഇന്നത്തെ ഹൈന്ദവലോകം കല്പിക്കുന്നുണ്ട്. എന്നാൽ, അതു് ഉൾക്കൊള്ളുന്ന സിദ്ധാന്തങ്ങളെ നിഷ്പക്ഷമായി നാം ചർച്ചചെയ്യുന്നപക്ഷം അതൊരു 'സർവ്വസിദ്ധാന്തസംഗ്രഹം' (An eclectic system—a synthesis of all systems) ആണെന്നു് നമുക്കു് നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിയും. എന്തെന്നാൽ, വിപരീതങ്ങളും പൂർവ്വാപരവിരുദ്ധങ്ങളുമായ എല്ലാ സിദ്ധാന്തങ്ങളെയും ഗീത ആദരിക്കുകയും ശരിവയ്ക്കുകയും ചെയ്യുന്നു. (7. 21-22; 4. 11)

## VIII വേദാംഗങ്ങൾ

(Vedangas—വേദം + അംഗം) വേദങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കുന്നതിനു സഹായകങ്ങളായ കൃതികൾ. ഇവയുടെ പേരുകൾ—

1. ശിക്ഷ (The science of proper articulation and pronunciation)
2. ഛന്ദസ് (The science of prosody)
3. വ്യാകരണം
4. നിരുക്തം (Etymology – etymological explanation of difficult Vedic words)
5. ജ്യോതിഷം.
6. കല്പം (Ritual or Ceremonial)

## IX ഉപവേദങ്ങൾ

(Upavedas—Inferior knowledge – a class of writings subordinate to the Vedas) ഇവ നാലാകുന്നു.

1. ആയുർവ്വേദം (Medicine–ഋഗ്വേദത്തിന്റെ ഉപവേദം)
2. ധനുർവ്വേദം (Military science— യജുർവ്വേദത്തിന്റെ ഉപവേദം)

3. ഗാന്ധൎവ്വവേദം (Music— സാമവേദത്തിൻെറ ഉപവേദം)

4. സ്ഥാപത്യശസ്ത്രവേദം (Mechanics— അഥൎവ്വവേദത്തിൻെറ ഉപവേദം)

## X പുരാണങ്ങൾ

(Puranas)—ആകെ 'അഷ്ടദശ' (പതിനെട്ട്) പുരാണങ്ങളാണുള്ളത്. ഇവയുടെ പേരുകൾ:—

ബ്രാഹ്മം, പാദ്മം, വൈഷ്ണവംച, ശൈവം, ഭാഗവതം തഥാ;
തഥാന്യന്നാരദീയംച, മാർകണ്ഡേയംച സപ്തമം;
ആഗ്നേയമഷ്ടകം പ്രോക്തം, ഭവിഷ്യന്നവമം തഥാ;
ദശമം ബ്രഹ്മവൈവർതം, ലിംഗമേകാദശം തഥാ;
വാരാഹം ദ്വാദശം പ്രോക്തം, സ്കാംദംചാത്ര ത്രയോദശം;
ചതുർദശം വാമനംച കൗർമ്മം പഞ്ചദശം തഥാ;
മാത്സ്യംച, ഗാരുഡം ചൈവ, ബ്രാഹ്മാംഡാഷ്ടാദശം തഥാ.

(V. S. Apte's skt. Eng. Dict. pa. 67)

### പുരാണങ്ങളുടെ പഞ്ചലക്ഷണം

ശരിയായ പുരാണങ്ങളുടെ പഞ്ചലക്ഷണങ്ങൾ ഇവയാണ്.

സർഗശ്ച, പ്രതിസർഗശ്ച, വംശോ മന്വന്തരാണിച;
വംശാനുചരിതം ചൈവ, പുരാണം പഞ്ചലക്ഷണം.

(Vid. id. pa. 342)

### ലക്ഷണോക്തി

പുരാണം = പുരാതനം—പുരാതനകാലങ്ങളിൽ എഴുതപ്പെട്ടതു് എന്നല്ല അർത്ഥം; സങ്കല്പിതങ്ങളൊ, വാസ്തവികങ്ങളൊ ആയ പുരാതന കഥകളടങ്ങിയ ഒരു ഗ്രന്ഥമാണ് പുരാണം എന്നു നാം ഗ്രഹിക്കണം.

ഉള്ളടക്കം

വേദവിദ്യാരഹിതരായ ഹൈന്ദവജനത വിശ്വസിച്ചാചരിക്കേണ്ട മതാത്മകങ്ങളായ സംഗതികളാണ് പുരാണങ്ങളുടെ ഉള്ളടക്കം. ഇക്കാര്യസിദ്ധിക്കായി ദേവീദേവന്മാരെയും, സുരാസുരന്മാരെയും, വീരന്മാരെയും, അവതാരങ്ങളെയുംകുറിച്ചു അതിശയോക്തിപരമായ കഥകളും വർണ്ണനകളും ഹൃദയമാകർഷകമാംവിധം അവയിൽ ധാരാളം വിവരിക്കപ്പെടുന്നുണ്ട്. വായനക്കാരുടെ ഹൃദയങ്ങളെ വശളാക്കുന്ന വിവരണങ്ങളുമുണ്ട്.

രചനാകാലം

200 ബി. സി. മുതൽ 600 എ. ഡി. വരെയുള്ള കാലങ്ങളിലാണ് വ്യാസമഹർഷി പ്രഭൃതികൾ പുരാണങ്ങൾ രചിച്ചതെന്നു വിചാരിക്കപ്പെടുന്നു.

## XI ആഗമം

(ആഗമം = വരവു, കൂട്ടിച്ചേർക്കൽ = Coming, adition) 200-400 എ. ഡി. യിൽ വിരചിതമായ 'ആഗമ'ങ്ങൾ വിഷ്ണുശിവദേവന്മാരെയും 'ശക്തി'(ദേവി)യെയും വന്ദിക്കേണ്ട ക്രമാനുഷ്ഠാനവിധികളെപ്പററി പ്രതിപാദിക്കുന്നു. ഒരു വിഭാഗത്തിന്റെ—ജാതിയുടെ—'കോഡ്'(Code) അഥവാ നിയമസംഹിതയാണ് ഇതെന്നു പറയാം (A sectarian religious treatise).

## XII തന്ത്രം

(തന്ത്രം = നൂൽ പാകുക, നൂൽ, നെയ്ത്തുയന്ത്രം) ബ്രഹ്മവിഷ്ണുശിവദേവന്മാരുടെ ഭാര്യമാരായി പരിഗണിക്കപ്പെടുന്ന അവരുടെ (ദേവന്മാരുടെ) 'ക്രിയാശക്തി'കളായ (Creative powers) സരസ്വതി, ലക്ഷ്മി, പാർവ്വതീദേവികളെ ആരാധിക്കുന്ന 'ശാക്ത'ന്മാരുടെ മതഗ്രന്ഥങ്ങളാണ് തന്ത്രങ്ങൾ. അശ്ലീലങ്ങളും ജഡികങ്ങളുമായ പല വിഷയങ്ങൾ ഇവയിൽ വിവരിക്കപ്പെടുന്നുണ്ട്. 500—1000 എ. ഡി. യിൽ ഇവ വിരചിതങ്ങളായി എന്നാണ് പണ്ഡി

താഭിമതം. (Tantra is a religious treatise teaching magical and mystical formularies for the worship of the deities. Cfr. Encyped. Britt. Popular Hinduism, pa. 62, and V. S. Apte's Eng. Skt. Dict.)

ഇതാണു് 'വേദാന്ത'ഗ്രന്ഥങ്ങളായ "ശ്രുതിസ്മൃതി"കളുടെ ചുരുങ്ങിയ ചരിത്രവിവരണം. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഈ ഭാഗം ഇവിടെ അവസാനിപ്പിച്ചുകൊള്ളട്ടെ.

(ശുഭം)

# അനുബന്ധം

---

ശ്രുതിസ്മൃതിഗ്രന്ഥങ്ങളുടെ പകപ്പു (Transcription) എഴുതിയിട്ടുള്ളവരും, പരിഭാഷകന്മാരും, വ്യാഖ്യാതാക്കളും, അവയെ ആസ്പദമാക്കി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളവരുമായ പാശ്ചാത്യ പൗരസ്ത്യപണ്ഡിതന്മാരിൽ പ്രമുഖരായവരുടെ പേരുകളും പ്രധാന കൃതികളും ഇവിടെ ചേക്കുന്നു (Bibliography)

## I പാശ്ചാത്യർ (Western Scholars)-കൃതികൾ


| | |
|---|---|
| 1. Max Muller | Transcription and Interpretation of Vedas; Religion of the Hindus; Origin of Religion; The six systems; Indian philosophy . . . . etc. |
| 2. J. N. Farquhar | Primer of Hunduism; Gita and Gospel. |
| 3. HopKings | The Religions of India |
| 4. Muir | Sanskrit Text; Skt. Manuscripts....... |
| 5. M. Monier Williams | Hinduism; Indian wisdom |
| 6. R. T. H. Griffith | Translations of Vedas |
| 7. Prof. Wilson | Translations of Vedas |
| 8. Prof. Weber | Ind. Studies; India Old&New |
| 9. Prof. Lassen | Ind. Alt. |
| 10. Dr. Lorinser | Die Bhagavad Gita. |
| 11. Dr. Seal | Vaishavism and Christianity |
| 12. Mr. Macdonald | Versions of Vedas |
| 13. J. M. Mitchel | Hinduism Past and Present |
| 14. Mr. T. Wheeler | On Gita. . . . . . . |
| 15. A. Barth | The Religions of India |

## II പൌരസ്ത്യർ (Hindu Scholars)–കൃതികൾ

| | |
|---|---|
| 1. Sayanacharya (സായനാചാര്യൻ) | Commentaries on Vedas etc. |
| 2. Gotama (Gautama) (ഗൗതമൻ) | Nyaya Sys. . . . . . |
| 3. Kanada (കണാദൻ) | Vaisheshika Sys . . . . |
| 4. Kapila (കപില) | Sankhya Sys . . . |
| 5. Patanjali (പതഞ്ജലി) | Yoga Sys . . . . |
| 6. Jaimini (ജൈമിനി) | Mimamsa Sys . . . . . . |
| 7. Badarayana (Vyasa) (ബാദരായണൻ–വ്യാസൻ) | Vedanta Sys . . . . . |
| 8. Manu (മനു) | Manusmriti (Code of Manu) |
| 9. Valmiki (വാല്മീകി) | B. Gita . . . . . . . . |
| 10. Sankara (ശങ്കരൻ) | Advaita System; Vivekachudamani; Anandalahari; Commataries on the Upanishads . . . . . . |
| 11. Ramanuja (രാമാനുജൻ) | Visishtadvaita System . . . |
| 12. Madhava (മാധവൻ) | Dvaita System; Sarvadarshanasamgraha . . . . |
| 13. Nimbarka (നിംബാർക്കൻ) | DvaitadvaitaSystem . . . . |
| 14. Vallabha (വല്ലഭൻ) | Suddhadvaita . . . . |
| 15. Charvaka (ചാർവ്വാകൻ) | Charvaka System |
| 16. Nakulisa (നകുലീശൻ) | Pasupata System |
| 17. Chaitanya (ചൈതന്യൻ) | On Krishnaism and Bhakati as the Path to Krishna. |
| 18. Nanak (നാനക്ക)(Asikh) | On Vedism as the True Hindu Religion |

| | |
|---|---|
| 19. Ramakrishna Paramahamsa (രാമകൃഷ്ണപരമഹംസൻ) | On Vedantism as the true religious System etc. |
| 20. Swami Vivekananda (സ്വാമിവിവേകാനന്ദൻ) | Hinduism; Speeches and Writings on yogas etc. . . . |
| 21. Swami Abhedananda (സ്വാമിഅഭേദാനന്ദൻ) | Reincarnation; Christianity and Churchianity. . . . . |
| 22. Sir Radhakrishnan (രാധാകൃഷ്ണൻ) | Indian philosophy. . . . |
| 23. Prof. Chatterjee | Introduction to Ind. philosophy. |
| 24. Babu Govinda Das | Some Critical works . . . |

ഹൈന്ദവപാരമ്പൎയ്യമനുസരിച്ച് "ശ്രുതി" (വെളിപാട്) ലഭിച്ച പ്രസിദ്ധ മഹൎഷിമാരുടെയും മററുവിധത്തിൽ പ്രസിദ്ധി ആൎജ്ജിച്ചിട്ടുള്ള മഹൎഷിമാരുടെയും പേരുകൾ:—

1. Atharvan (അഥൎവ്വൻ)
2. Marichi (മരിചി)
3. Atri (അത്രി)
4. Angiras അംഗിരസ്സ്; Drona (ദ്രോണൻ)
5. Yajnavalkya (യാജ്ഞവല്ക്യൻ)
6. Vaisampayana (വൈസമ്പായനൻ)
7. Krishnadvaipayana (കൃഷ്ണദ്വൈപായനൻ)
8. Vidura (വിദുരൻ)
9. Valmiki (വാല്മീകി)
10. Manu (മനു)
11. Chanakya (ചാണക്യൻ)
12. Govinda Bhatteri (ഗോവിന്ദ ഭട്ടേരി)
13. Padmapada (പദ്മപാദ)
14. Yaska (യാസ്കൻ)

Printed and published for the proprietor by P. I. Joseph
at the Little Flower Press, Thevara, 1952.

CT Library
00081475
S36 V51
S36 V51

നദീപം

00081475